www.malankaralibrary.com


# മലങ്കര സുറിയാനി കത്തോലിക്ക സഭ

## പത്തനംതിട്ട ഭദ്രാസനം



# പഞ്ചനക്ഷത്രങ്ങൾ

www.malankaralibrary.com



ഞങ്ങളുടെ പ്രിയപ്പെട്ട

റൈറ്റ് റവ. ജോൺ തുണ്ടിയത്ത് കോറെപ്പിസ്കോപ്പായ്ക്ക്


KMRM കുടുംബത്തിന്റെ

പ്രാർത്ഥനാശംസകൾ

KUWAIT MALANKARA RITE MOVEMENT

www.malankaralibrary.com

# മലങ്കര സുറിയാനി കത്തോലിക്ക സഭ
## പത്തനംതിട്ട ഭദ്രാസനം






# കോറെപ്പിസ്കോപ്പ, റമ്പാൻ സ്ഥാനാഭിഷേക സ്മരണിക 2023


Printed and Published : Shalom Printers Pathanamthitta

www.malankaralibrary.com

# BETHANY SISTERS' GENERALATE





**Rt. Rev. Augustine Pulimuttathu Cor Episcopo,**
**Rt. Rev. Joseph Kurumpileth Cor Episcopo,**
**Rt. Rev. John Thundiyath Cor Episcopo,**
**Rt. Rev. Sebastian Ambasseril Cor Episcopo &**
**Rt. Rev. Joseph Chamakkalayil Remban**

*Hearty Congratulations*
*&*
*Prayerful Wishes....*

**SUPERIOR GENERAL & SISTERS**
**KOTTAYAM**

www.malankaralibrary.com

സന്ദേശം

# THE SYRO-MALANKARA CATHOLIC MAJOR ARCHIEPISCOPAL CHURCH



✠BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA,INDIA.

## അനുഗ്രഹാശംസ

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ പത്തനംതിട്ട ഭദ്രാസനം കോറെപ്പിസ്കോപ്പാ, റമ്പാൻ സ്ഥാനാരോഹണത്തോടനുബന്ധിച്ച് ഒരു സ്മരണിക പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം. ഈ അവസരത്തിൽ അഭിവന്ദ്യരായ റമ്പാച്ചനും കോറെപ്പിസ്കോപ്പാമാർക്കും എല്ലാ അനുഗ്രഹങ്ങളും ആശംസകളും ഹൃദയപൂർവ്വം നേരുന്നു.

"നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്. പ്രത്യുത നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും" (റോമാ. 12 : 2). പൗലോസ് അപ്പസ്തോലന്റെ ഈ വാക്കുകൾ നിങ്ങളുടെ ശുശ്രൂഷയ്ക്ക് പൂർണ്ണതയും ധന്യതയും നൽകട്ടെ. വന്ദ്യ ജോസഫ് ചാമക്കാലായിൽ റമ്പാച്ചനും, കോറെപ്പിസ്കോപ്പാമാരായ റൈറ്റ് റവ. അഗസ്റ്റിൻ പുലിമുറ്റത്ത്, റൈറ്റ് റവ. ജോസഫ് കുരുമ്പിലേത്ത്, റൈറ്റ് റവ. ജോൺ തുണ്ടിയത്ത്, റൈറ്റ് റവ. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ എന്നിവർക്കും സഭയിൽ ഒരു പുതിയ ശുശ്രൂഷാ ദൗത്യം ഏല്പിക്കപ്പെട്ടിരിക്കുമ്പോൾ സഭ ഒന്നാകെ സന്തോഷിക്കുന്നു. നാളിതുവരെ ഇവർ നൽകിയ ആത്മീയനേതൃത്വവും സഭാശുശ്രൂഷയും, വിശ്വാസതീക്ഷ്ണതയും ഭദ്രാസനം അംഗീകരിച്ചതിന്റെ അടയാളമാണല്ലോ ഈ പുതിയ ദൗത്യം. ഓരോരുത്തരും ഏല്പിക്കപ്പെട്ട ശുശ്രൂഷകളിലും ഇടവക ശുശ്രൂഷാ മേഖലകളിലും തനതായ വ്യക്തിമുദ്ര പതിപ്പിച്ചവരാണെന്നത് അഭിനന്ദനീയമാണ്. ഇവരുടെ വിശ്വസ്തതയും ആത്മീയ പ്രചോദനവും പ്രാർത്ഥനാചൈതന്യവും സഭയുടെ വളർച്ചയ്ക്കും സഭാമക്കളുടെ നന്മയ്ക്കും നിദാനമാകട്ടെയെന്ന് ഞാൻ പ്രത്യേകം പ്രാർത്ഥിക്കുന്നു.

സഭയുടെ വിശുദ്ധീകരണത്തിനും ദൈവജനത്തിന്റെ ആത്മീയവളർച്ചയ്ക്കും സുവിശേഷ പ്രഘോഷണത്തിനും വലിയ മുതൽകൂട്ടാകേണ്ടവരാണ് വന്ദ്യ റമ്പാച്ചനും, കോറെപ്പിസ്കോപ്പാമാരും. "നിങ്ങളെയും അജഗണം മുഴുവനെയുംപ്പറ്റി നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. കർത്താവ് സ്വന്തം രക്തത്താൽ നേടിയെടുത്ത സഭയെ പരിപാലിക്കാൻ പരിശുദ്ധാത്മാവ് നിയോഗിച്ചിരിക്കുന്ന അജപാലകരാണു നിങ്ങൾ" (അപ്പസ്തോല പ്രവർത്തനങ്ങൾ 20 : 28). ഈ മഹനീയ ദൗത്യം മനസ്സിലാക്കി വിശുദ്ധിയിലും ആത്മീയതയിലും സഭയ്ക്ക് മുഴുവനും മാതൃകയാകുവാൻ ഇവർക്ക് സാധിക്കട്ടെയെന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

ഈ ധന്യമുഹൂർത്തത്തിൽ സ്മരണിക പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ച പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായേയും ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട വൈദികർ, സന്യസ്തർ, അത്മായ സഹോദരങ്ങൾ എന്നിവരെയും അഭിനന്ദിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്യുന്നു.

ദൈവം ഏവരേയും അനുഗ്രഹ സമൃദ്ധിയാൽ നിറയ്ക്കട്ടെ!

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

www.malankaralibrary.com

സന്ദേശം

# THE SYRO-MALANKARA CATHOLIC CHURCH
# DIOCESE OF PATHANAMTHITTA



**MOST REV. DR. SAMUEL MAR IRENIOS**
BISHOP OF PATHANAMTHITTA

CATHOLIC BISHOP'S HOUSE
PATHANAMTHITTA - 689 645
KERALA, INDIA
Phone: +91-468-2223100, 2223200
Fax: +91-468-2223800

## അനുഗ്രഹാശംസ

"തന്റെ ഇച്ഛയ്ക്കൊത്ത് ഓരോരുത്തർക്കും പ്രത്യേക പ്രത്യേക ദാനങ്ങൾ നൽകുന്ന ഒരേ ആത്മാവിന്റെ തന്നെ പ്രവൃത്തിയാണ് ഇതെല്ലാം." (1 കോറിന്തോസ് 12 : 11)

പത്തനംതിട്ട രൂപതയിലെ ബഹുമാനപ്പെട്ട അഗസ്റ്റിൻ പുലിമുറ്റത്ത് അച്ചൻ, ജോസഫ് കുരുമ്പിലേത്ത് അച്ചൻ, ജോൺ തുണ്ടിയത്ത് അച്ചൻ, സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ അച്ചൻ എന്നീ നാല് വൈദികർ കോറെപ്പിസ് കോപ്പാമാരായും വന്ദ്യ ജോസ് ചാമക്കാലായിൽ കോറെപ്പിസ്കോപ്പാ റമ്പാനായും ഉയർത്തപ്പെടുമ്പോൾ അവരെപ്രതി നമുക്ക് ദൈവത്തെ മഹത്ത്വപ്പെടുത്താം. ദൈവാത്മാവിന്റെ വരദാനങ്ങൾ അവരിൽ സമൃദ്ധമായി വർഷിക്കപ്പെടുന്നതിനുവേണ്ടി പ്രാർത്ഥിക്കാം. നീണ്ട വർഷങ്ങൾ പൗരോഹിത്യം ശ്രേഷ്ഠമായി ജീവിച്ച് സഭയ്ക്കും സമൂഹത്തിനും നല്ല മാതൃക നൽകി നല്ലവനും വിശ്വസ്തനുമായ കാര്യസ്ഥനെപ്പോലെ സഭാ മക്കളെ ശുശ്രൂഷിച്ച ഈ ബഹുമാനപ്പെട്ട വൈദികരുടെ ത്യാഗനിർഭരമായ സമർപ്പണത്തിന് സഭ നൽകുന്ന പ്രത്യേക അംഗീകാരവും ബഹുമതിയുമാണ് ഈ സ്ഥാനലബ്ധി.

ഈ വൈദികർ വ്യക്തിപരമായി ആദരിക്കപ്പെടുന്നു എന്നതിലുപരി അവരിലൂടെ സവിശേഷമായി നമ്മുടെ വൈദിക കൂട്ടായ്മയും പത്തനംതിട്ട രൂപതയുമാണ് ആദരിക്കപ്പെടുന്നത്. അവിഭക്ത തിരുവനന്തപുരം അതിരൂപതയുടെ വിവിധ പ്രേഷിത ശുശ്രൂഷകളിലും ഇന്നത്തെ മാർത്താണ്ഡം രൂപത ഉൾപ്പെടെയുള്ള സഭയുടെ വിവിധ മിഷൻ മേഖലകളിലും വിവിധ കാര്യാലയങ്ങളിലും വൈദിക പരിശീലന വേദിയിലും സഭാ ഭരണ നിർവഹണത്തിലുമെല്ലാം മാതൃകാപരമായ ശുശ്രൂഷയും പ്രാർത്ഥനാപൂർവ്വമായ നേതൃത്വവും നൽകിയ ഈ ബഹുമാനപ്പെട്ട അച്ചന്മാർ 2010 മുതൽ പത്തനംതിട്ട രൂപതയുടെ ഭാഗമായി വിവിധ ശുശ്രൂഷകളിൽ വ്യാപൃതരായിരിക്കുകയാണ്. വ്യക്തിപരമായി ഈ ബഹുമാനപ്പെട്ട വൈദികരുമായി അനേക നാളത്തെ വ്യക്തിബന്ധം പുലർത്തുന്നതിനും അവരുടെ സമകാലീനനായി വൈദിക ശുശ്രൂഷ നിർവഹിക്കുന്നതിനും കഴിഞ്ഞു എന്നുള്ളത് ദൈവാനുഗ്രഹമായി ഞാൻ കണക്കാക്കുന്നു.

സഭ പ്രത്യേകമായി ആദരിക്കുന്ന ബഹുമാനപ്പെട്ട അച്ചന്മാരെ ഞാൻ അഭിനന്ദിക്കുന്നു. അവരുടെ ശുശ്രൂഷകൾ തുടർന്നും സഭയ്ക്ക് ഫലദായകമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാ നന്മകളും ആശംസിക്കുന്നു.

പ്രാർത്ഥനാപൂർവ്വം,

**സാമുവേൽ മാർ ഐറേനിയോസ്**
പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ

www.malankaralibrary.com

**THE SYRO-MALANKARA CATHOLIC CHURCH**
**DIOCESE OF PATHANAMTHITTA**

സന്ദേശം

**MOST REV. YOOHANON MAR CHRYSOSTOM**
(BISHOP JOHN KALLOOR)

BISHOP EMERITUS
CHEEKANAL, OMALLOOR P.O.,
PATHANAMTHITTA - 689 647
KERALA, INDIA
E-MAIL: bpdiopta@gmail.com



# അനുഗ്രഹാശംസ

പത്തനംതിട്ട ഭദ്രാസനം രൂപം കൊണ്ടതിനു ശേഷം കഴിഞ്ഞ 14 വർഷങ്ങളായി ദൈവം നമ്മുടെ ഭദ്രാസനത്തെ ധാരാളമായി അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. നാളിതുവരെ അനേകം ദൈവവിളികളാൽ ദൈവം നമ്മുടെ ഭദ്രാസനത്തെ സമ്പന്നമാക്കിയിട്ടുണ്ട്. നമ്മുടെ ഭദ്രാസനത്തിൽ ഇന്ന് 124 വൈദികർ വിശ്വസ്തതയോടെ പൗരോഹിത്യ ശുശ്രൂഷ നിർവഹിക്കുന്നു. ലോകം മുഴുവനും സുവിശേഷവൽക്കരണം എന്ന ക്രിസ്തുവിന്റെ സ്വപ്ന സാക്ഷാത്കാരത്തിനായി ലോകത്തിന്റെ വിവിധ ഇടങ്ങളിൽ നമ്മുടെ വൈദികർ ശ്രേഷ്ഠമായ ശുശ്രൂഷ ചെയ്യുന്നു. പൗരോഹിത്യത്തിന്റെ നൽവരങ്ങളാൽ നമ്മുടെ ഭദ്രാസനത്തെ അനുഗ്രഹിക്കുന്ന ദൈവത്തിന് നന്ദി.

പത്തനംതിട്ട ഭദ്രാസനത്തിൽ വിശ്വസ്തതയോടെ പൗരോഹിത്യ ശുശ്രൂഷ നിർവഹിക്കുന്ന ബഹു. അഗസ്റ്റിൻ പുലിമുറ്റത്ത് അച്ചനെയും, ബഹു. ജോസഫ് കുരുമ്പിലേത്ത് അച്ചനെയും, ബഹു. ജോൺ തുണ്ടിയത്ത് അച്ചനെയും, ബഹു. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ അച്ചനെയും കോറെപ്പിസ്കോപ്പ സ്ഥാനത്തേക്ക് സഭ ഉയർത്തുന്നു.

മെത്രാന്മാരെ അവരുടെ ശുശ്രൂഷകളിൽ സഹായിക്കുക, പ്രത്യേകിച്ച് ആരാധനക്രമം പരികർമ്മം ചെയ്യുക, പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുക തുടങ്ങിയവ കോറെപ്പിസ്കോപ്പയിൽ നിലനിന്നിരുന്ന കർത്തവ്യമാണ്. കൂടാതെ യാത്രാസൗകര്യം വളരെ കുറവായിരുന്ന കാലഘട്ടത്തിൽ മെത്രാന് എത്തിച്ചേരാൻ സാധിക്കാത്ത സ്ഥലങ്ങളിൽ ദൈവജനത്തിന് വേണ്ട ആത്മീക ശുശ്രൂഷ നിർവഹിക്കുവാനുള്ള ഉത്തരവാദിത്വം കോറെപ്പിസ്കോപ്പമാർക്ക് ഉണ്ടായിരുന്നു. എന്നാൽ മെത്രാന് അടുത്തുള്ള ഔദ്യോഗിക ശുശ്രൂഷ നിർവഹിക്കുന്നതിനുള്ള അധികാരം ഇവർക്ക് ഇല്ലായിരുന്നു. കോറെപ്പിസ്കോപ്പ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന നാല് വൈദികർക്കും പ്രാർത്ഥനകളും ആശംസകളും.

അനുഗ്രഹീതമായ പൗരോഹിത്യ ശുശ്രൂഷയിലൂടെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നാനാവിധ വളർച്ചയിൽ വലിയ പങ്കുവഹിച്ചിട്ടുള്ള വന്ദ്യ ജോസ് ചാമക്കാലയിൽ കോറെപ്പിസ്കോപ്പ റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. താപസജീവിതം നയിക്കുന്നതിന് തങ്ങളെ തന്നെ സമർപ്പിക്കുന്നവർക്ക് നൽകുന്ന ഒരു അംഗീകാരമാണ് റമ്പാൻ പട്ടം. റമ്പാന് നൽകുന്ന കറുത്ത ശിരോവസ്ത്രം ലോകത്തിൽ നിന്നും അവൻ അകന്ന് നിൽക്കുന്നവനാണ് എന്നതിനെ സൂചിപ്പിക്കുന്നു. സഭയുടെ ആരാധനക്രമ ശുശ്രൂഷകൾക്കും പ്രാർത്ഥനയ്ക്കും നേതൃത്വം നൽകാൻ റമ്പാന് ഉത്തരവാദിത്തമുണ്ട്. റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട വന്ദ്യ ജോസഫ് ചാമക്കാലയിൽ റമ്പാച്ചന് എല്ലാവിധ അനുഗ്രഹങ്ങളും നേരുന്നു.

മലങ്കര കത്തോലിക്കാ സഭയിൽ സ്തുത്യർഹമായ ശുശ്രൂഷകൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾ ഓരോരുത്തരെയും സഭ ആദരിക്കുന്ന ഈ അവസരത്തിൽ, കൂടുതൽ തീക്ഷ്ണതയോടെ തുടർന്നും സഭയെ ശുശ്രൂഷിക്കുവാൻ നിങ്ങൾക്ക് കഴിയട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

ക്രിസ്തു യേശുവിൽ,

**യൂഹാനോൻ മാർ ക്രിസോസ്റ്റം**

(പ്രഥമ മെത്രാപ്പോലീത്ത, പത്തനംതിട്ട രൂപത)

www.malankaralibrary.com

സന്ദേശം

# SYRO-MALANKARA CATHOLIC CHURCH
# DIOCESE OF MAVELIKARA

**JOSHUA MAR IGNATHIOS**
(Bishop of Mavelikara)



## അനുഗ്രഹാശംസ

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ കോറെപ്പിസ്കോപ്പ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന, പത്തനംതിട്ട ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട അഗസ്റ്റിൻ പുലിമുറ്റത്ത് അച്ചൻ, ജോസഫ് കുരുമ്പിലേത്ത് അച്ചൻ, ജോൺ തുണ്ടിയത്ത് അച്ചൻ, സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ അച്ചൻ, റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന ജോസ് ചാമക്കാലായിൽ കോറെപ്പിസ്കോപ്പ എന്നിവർക്ക് എന്റെ പ്രാർത്ഥനാ നിർഭരമായ അഭിനന്ദനങ്ങൾ!

സഭയോടൊത്ത് വിശ്വസ്തതയോടെ ശുശ്രൂഷ നിർവ്വഹിച്ച ആദരണീയരായ ഈ വൈദികർ സഭയുടെ വത്സല സന്തതികളാണ്. ദൈവം കനിഞ്ഞ് നൽകിയ താലന്തിനെ മുപ്പതും അറുപതും നൂറും മടങ്ങ് വർദ്ധിപ്പിച്ച് ദൈവജന ത്തിന് സമൃദ്ധമായി നൽകിയവരാണ് ഈ വൈദികർ ഓരോരുത്തരും. അവിഭക്ത തിരുവനന്തപുരം അതിരൂപതയിലും ഇപ്പോൾ പത്തനംതിട്ട ഭദ്രാസനത്തിലും വിശ്വസ്തതയോടും വിവേകത്തോടും ദൈവ ശുശ്രൂഷ നിർവ്വഹിച്ച കാര്യസ്ഥ ന്മാരാണ് ഇവർ. സഭയുടെ മിഷൻ പ്രദേശങ്ങൾ, വചന പ്രഘോഷണ മേഖലകൾ, കാര്യാലയങ്ങൾ, വിദ്യാഭ്യാസ മേഖല കൾ, പരിശീലന കേന്ദ്രങ്ങൾ, ബാഹ്യകേരള പ്രേഷിത പ്രദേശങ്ങൾ, പ്രവാസി മേഖലകൾ തുടങ്ങി വിവിധ മണ്ഡലങ്ങ ളിൽ ഈ സഹോദര വൈദികർ മികവിന്റെ അജപാലകരായിരുന്നു. എന്റെ സമകാലീനരും സഹപാഠിയും സഹപ്രവർ ത്തകരും ഇളയ സഹോദരങ്ങളും ഇക്കൂട്ടത്തിൽ ഉണ്ട്. ഇവർക്ക് ലഭിച്ച അംഗീകാരത്തിന് ഞാൻ ദൈവത്തെ സ്തുതി ക്കുന്നു, ഓരോരുത്തരെയും വ്യക്തിപരമായി അഭിനന്ദിക്കുന്നു.

ദൈവജന ശുശ്രൂഷയിൽ പ്രതിബദ്ധതയോടെ തുടർന്നും ശുശ്രൂഷിക്കുവാൻ നിങ്ങൾക്ക് സാധിക്കട്ടെ! സർവ്വ ശക്തന്റെ കരുണ നിങ്ങളുടെ മുന്നോട്ടുള്ള യാത്രയിൽ അനുയാത്ര ചെയ്യട്ടെ.

സ്നേഹത്തോടെ,

**ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത

www.malankaralibrary.com

# THE SYRO-MALANKARA CATHOLIC CHURCH
## DIOCESE OF MUVATTUPUZHA

സന്ദേശം

**YOOHANON MAR THEODOSIUS**
(Bishop of Muvattupuzha)



## ഇടയവഴിയിലെ സുകൃതങ്ങൾ

ശുശ്രൂഷാപൗരോഹിത്യത്തിന്റെ മഹത്ത്വവും സമർപ്പണവും അനന്യമായി കാത്തു സൂക്ഷിക്കുകയും അനേകായിരങ്ങളെ സുവിശേഷ വഴിയിൽ പ്രകാശിപ്പിക്കുകയും ചെയ്ത ആദരണീയനായ ജോസഫ് ചാമക്കാലായിൽ റമ്പാച്ചനും കോറെപ്പിസ്കോപ്പമാരായി ഉയർത്തപ്പെടുന്ന ബഹുമാന്യരായ അഗസ്റ്റിൻ പുലിമുറ്റം, ജോസഫ് കുരുമ്പിലേത്ത്, ജോൺ തുണ്ടിയത്ത്, സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ എന്നിവർക്കും ഹൃദയ നിർഭരമായ പ്രാർത്ഥനകളും ആശംസകളും നേരുന്നു ! അവിഭക്ത തിരുവനന്തപുരം അതിരൂപതയുടെ അംഗങ്ങളായി സേവനം ആരംഭിച്ച ഇവരെല്ലാവരും പത്തനംതിട്ട ഭദ്രാസനത്തിന്റെ അഭിമാനങ്ങളാണ്. വ്യക്തിപരമായി ഇവരോട് ചേർന്ന് നടക്കുവാനും, ഇവരെ കേൾക്കുവാനും, ഇവരിൽനിന്ന് പഠിക്കുവാനും എനിക്ക് ലഭിച്ചിട്ടുള്ള അവസരങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.

സന്യാസ ജീവിതത്തിന്റെ ഔന്നത്യമാണ് റമ്പാൻ സ്ഥാനം. റമ്പാൻ ഒരേ സമയം പുരോഹിതനും, സന്യാസിയും, ഗുരുവുമാണ്. പൂർണ്ണതയുടെ പ്രതീകമായ ഈ ജീവിതം അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ വ്രതങ്ങളിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ആദരണീയനായ ജോസ് ചാമക്കാലായിൽ പ്രാർത്ഥനയുടെയും ജീവിതവിശുദ്ധിയുടെയും ഉത്തമ ദൃഷ്ടാന്തമാണ്. സുവിശേഷ സൗരഭ്യം നിറഞ്ഞുതുളുമ്പുന്ന ആ വ്യക്തിത്വം അനുഭവസമ്പത്തിന്റെ പര്യായം തന്നെ.

പൗരസ്ത്യ സഭകളിൽ, ഗ്രാമത്തിന്റെ അജപാലന ശുശ്രൂഷ നിർവഹിക്കുവാൻ പ്രത്യേകം നൽകപ്പെട്ടിരിക്കുന്ന ഒരു പൗരോഹിത്യ സ്ഥാനമാണ് കോറെപ്പിസ്കോപ്പ എന്നുള്ളത്. രൂപതാ അധ്യക്ഷന് പകരക്കാരനായി രൂപതയുടെ ഗ്രാമീണ മേഖലകളിൽ പൊതു ചുമതലക്കാരനായി പ്രവർത്തിക്കുന്ന കോറെപ്പിസ്കോപ്പമാർ, മെത്രാന്റെ അടുത്ത സഹായികളാണ്. പഠിപ്പിക്കുക, ഭരിക്കുക, വിശുദ്ധീകരിക്കുക എന്നീ ത്രിവിധ ദൗത്യങ്ങൾ അതിന്റെ പൂർണ്ണതയിൽ നിർവഹിക്കുവാൻ ഇവർ ബാധ്യസ്ഥരാണ്.

ബഹുമാന്യനായ അഗസ്റ്റിൻ പുലിമുറ്റത്ത് കോറെപ്പിസ്കോപ്പ നലം തികഞ്ഞ ഒരു അജപാലകനാണ്. കഠിനദ്ധ്വാനത്തിന്റെ ഉത്തമ ദൃഷ്ടാന്തം. വിദ്യാഭ്യാസ മേഖലയിൽ അച്ചൻ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. അച്ചന്റെ ജീവിതം അനേകർക്ക് വഴിവെട്ടം പകർന്നുവെന്നുള്ളതിന് രണ്ടുപക്ഷമില്ല.

കോറെപ്പിസ്കോപ്പ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ജോസഫ് കുരുമ്പിലേത്തച്ചൻ എന്നെ സംബന്ധിച്ച് എന്റെ ഇടവക വികാരി (പുതുശ്ശേരി ഭാഗം) ആയിരുന്നു. കേരളത്തിന് പുറത്ത് പഠിക്കുകയും ശുശ്രൂഷ ചെയ്യുകയും ചെയ്ത അച്ചൻ പൗരോഹിത്യ ജീവിതത്തിൽ എന്നും അഭിമാനം തന്നെ.

പ്രിയങ്കരനായ ജോൺ തുണ്ടിയത്ത് കോറെപ്പിസ്കോപ്പായും ഞാനും സഹപാഠികളാണ്. ഒരുമിച്ച് മൈനർ സെമിനാരി, മേജർ സെമിനാരി പഠനം പൂർത്തിയാക്കി. ഒരിടത്ത് വച്ച്, ഒരേ ദിവസം അഭിഷിക്തരായി. മോനിയച്ചൻ എന്ന ഓമന പേരിൽ അറിയപ്പെടുന്ന ഈ വ്യക്തിത്വം നന്മകളുടെ കൂമ്പാരമാണ്. പദവികളും സ്ഥാനമാനങ്ങളും തേടി പോകാത്ത ഇടയൻ. എന്നാൽ, ദൈവജനവും വിശിഷ്യാ യുവജനങ്ങളും തേടിയെത്തുന്ന പുരോഹിതൻ. ഭാരതത്തിനകത്തും പുറത്തും പഠനവും ശുശ്രൂഷയും നിർവഹിച്ചതിന്റെ അനുഭവസമ്പത്ത് പേറുന്ന വ്യക്തിത്വം. എല്ലാറ്റിനും ഉപരി ഹൃദയബന്ധത്തിന്റെ കാവൽക്കാരൻ.

ബഹുമാന്യനായ സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ കോറെപ്പിസ്കോപ്പ പൗരോഹിത്യ പാരമ്പര്യത്തിൽ സ്ഫുടം ചെയ്ത നന്മയാണ്. സ്നേഹവും ലാളിത്യവും ശാന്തതയും കൈമുതലായിട്ടുള്ള പുരോഹിതൻ. മേജർ സെമിനാരിയിൽ ഒരുമിച്ച് ശുശ്രൂഷ ചെയ്ത നല്ല ഓർമ്മകൾ മനസ്സിന് സന്തോഷം പകരുന്നു.

വന്ദ്യ റമ്പാച്ചനും, കോറെപ്പിസ്കോപ്പമാർക്കും ഹൃദയനിർഭരമായ ആശംസകൾ !

സ്നേഹപൂർവ്വം,

**യൂഹാനോൻ മാർ തെയഡോഷ്യസ്**

(മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്ത)

Vimalagiri Catholic Bishop's House, Vazhappilly, Mudavoor P.O, Muvattupuzha - 686 669, Kerala, India
Tel: (+91) 944 71 44 869, Email: bishoptheodosius@gmail.com, www.muvattupuzhadiccese.in

www.malankaralibrary.com

സന്ദേശം



# THE SYRO-MALANKARA CATHOLIC CHURCH
## CATHOLIC DIOCESE OF BATHERY

**Dr.Joseph Mar Thomas**
(Bishop of Bathery)

# സുകൃതികളായ ഇടയന്മാർക്ക് അനുമോദനങ്ങൾ...

പത്തനംതിട്ട രൂപതയിലെ അഞ്ച് പ്രഗൽഭരായ വൈദികർ റമ്പാൻ കോറെപ്പിസ്കോപ്പ എന്നീ പദവികളിലേക്ക് ഉയർത്തപ്പെട്ടിരിക്കുകയാണല്ലോ. ഈ അഞ്ചുപേരും മലങ്കര കത്തോലിക്കാ സഭയ്ക്കും വിശിഷ്യാ പത്തനംതിട്ട രൂപതയ്ക്കും നിസ്തുലങ്ങളായ സേവനങ്ങൾ നൽകിയിട്ടുള്ള ശ്രേഷ്ഠ പുരോഹിതരാണ്. റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ചാമക്കാലായിൽ ജോസഫ് റമ്പാച്ചൻ എന്റെ സഹപാഠിയും എന്നോട് ആഴത്തിൽ ഹൃദയബന്ധം പുലർത്തുന്ന വ്യക്തിയുമാണ്. പത്തനംതിട്ട രൂപതയുടെ മുഖ്യ വികാരി ജനറാൾ, കോറെപ്പിസ്കോപ്പാ, തിരുവനന്തപുരം അതിരൂപതയുടെ പ്രോക്യുറേറ്റർ, മൈനർ സെമിനാരി റെക്ടർ, മേജർ സെമിനാരി ബർസാർ, നിരവധി ദൈവാലയങ്ങളുടെ വികാരി തുടങ്ങിയ അനേകം മേഖലകളിൽ ത്യാഗനിർഭരമായ സേവനം കാഴ്ചവച്ച ജോസഫ് ചാമക്കാലായിൽ റമ്പാൻ അറിയപ്പെടുന്ന പ്രസംഗകനും പണ്ഡിതനും സഭാ സ്നേഹിയുമാണ്. അദ്ദേഹത്തിന്റെ റമ്പാൻ സ്ഥാനലബ്ധിയിൽ അത്യധികം സന്തോഷിക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

ബഹു. അഗസ്റ്റിൻ പുലിമുറ്റത്ത് കോറെപ്പിസ്കോപ്പായെ ഞാൻ പല കാര്യങ്ങൾക്കും മാതൃകയായി കണ്ടിട്ടുള്ള ഒരു പുരോഹിതനാണ്. എന്റെ ചെറുപ്പകാലത്ത് അദ്ദേഹത്തിന്റെ ഭവനം വടശ്ശേരിക്കരയിൽ ഞങ്ങളുടെ വീടിന്റെ അടുത്തായിരുന്നു. പിന്നീടാണ് സീതത്തോട്ടിൽ പോയത്. അദ്ദേഹം സെമിനാരിയിൽ എന്റെ ജ്യേഷ്ഠ സഹോദരനായി പഠിക്കുകയും എനിക്ക് നല്ല ഒരു പുരോഹിതനാകാൻ പ്രചോദനവും പ്രോത്സാഹനവും നൽകുകയും ചെയ്തു. എന്റെ പൗരോഹിത്യ ജീവിതത്തിലും മെത്രാൻ ശുശ്രൂഷയിലും എല്ലാം ധാരാളം പിന്തുണ നൽകിയ പുരോഹിത ശ്രേഷ്ഠനാണ്, മലങ്കര കത്തോലിക്കാ സഭയ്ക്കും പത്തനംതിട്ട രൂപതക്കും ത്യാഗോജ്ജ്വലമായ സേവനം അർപ്പിച്ചു കൊണ്ടിരിക്കുന്ന അഗസ്റ്റിൻ പുലിമുറ്റത്ത് കോർഎപ്പിസ്കോപ്പാ. തികഞ്ഞ സഭാസ്നേഹി, ഉത്തമ അജപാലകൻ, നല്ല മാർഗ്ഗദർശി, മനുഷ്യസ്നേഹി എന്നീ നിലകളിൽ എല്ലാവർക്കും പ്രിയങ്കരനാണ്. അദ്ദേഹത്തിന്റെ കോറെപ്പിസ്കോപ്പാ പദവിയിലേക്കുള്ള സ്ഥാനാരോഹണത്തിൽ സന്തോഷിക്കുന്നു. എല്ലാവിധ ആശംസകളും അനുഗ്രഹങ്ങളും നേരുന്നു.

കോറെപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന ബഹു. ജോസഫ് കുരുമ്പിലേത്ത് അച്ചൻ എന്റെ വികാരിയാണ്. ഇടവക വികാരി എന്ന നിലയിൽ വ്യക്തിപരമായി അച്ചൻ എനിക്കും എന്റെ കുടുംബാംഗങ്ങൾക്കും വലിയ പിന്തുണയും പരിഗണനയും വാത്സല്യവും നൽകിയിട്ടുള്ളത് നന്ദിപൂർവ്വം ഓർക്കുന്നു. ഞങ്ങൾ ഒരുമിച്ച് ഒരേകാലത്ത് മൈനർ സെമിനാരിയിൽ പഠിച്ചവരാണ്. അന്നു തൊട്ടുള്ള സൗഹൃദവും സ്നേഹവും ഇന്നും അഭംഗുരമായി തുടരുന്നു. അദ്ദേഹം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലും വിശിഷ്യാ പത്തനംതിട്ട രൂപതയിൽ വികാരി ജനറാൾ എന്ന നിലയിലും അമേരിക്കൻ ഐക്യനാടുകളിലെ നമ്മുടെ സഭയുടെ പ്രേക്ഷിതൻ എന്ന നിലയിലും മഹനീയമായ സേവനങ്ങൾ നൽകിയിട്ടുണ്ട്. മലങ്കര കത്തോലിക്കാ സഭയിലെ ഒരു മെത്രാൻ എന്നുള്ള നിലയിൽ എനിക്ക് അദ്ദേഹം നൽകിയിട്ടുള്ള പ്രോത്സാഹനങ്ങളും വളരെ വലുതാണ്. ഒരു നല്ല ഭരണാധികാരി, അജപാലകൻ, സഭാസ്നേഹി, ഗായകൻ, സംഘാടകൻ തുടങ്ങിയ നിലകളിലെല്ലാം ശ്രദ്ധേയമായ സേവനം അദ്ദേഹം കാഴ്ചവച്ചിട്ടുണ്ട്. ജോസഫ് കുരുമ്പിലേത്ത് അച്ചൻ കോറെപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന ഈ സന്ദർഭത്തിൽ അത്യധികം ആനന്ദിക്കുന്നു അദ്ദേഹത്തിന് അനുമോദനങ്ങളും ആശംസകളും സമൃദ്ധമായി നേരുന്നു.

കോറെപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന ബഹു. ജോൺ തുണ്ടിയത്ത് അച്ചൻ ആലുവ സെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന കാലത്ത് തന്നെ പ്രഗൽഭനായ ഒരു സെമിനാരിക്കാരനായിരുന്നു. ഞാൻ മൈനർ സെമിനാരി റെക്ടർ ആയിരുന്ന കാലത്താണ് അദ്ദേഹം പൗരോഹിത്യം സ്വീകരിക്കുന്നത്. അന്നുമുതൽ ഇന്നുവരെ അദ്ദേഹം വളരെ ആഴത്തിലുള്ള വ്യക്തിബന്ധം സൂക്ഷിക്കുന്നു. എന്റെ പൗരോഹിത്യ ശുശ്രൂഷയിലും ആചാര്യ ശുശ്രൂഷയിലും വലിയ പിന്തുണയും പ്രോത്സാഹനവും നൽകിയ പുരോഹിതനാണ് ജോൺ തുണ്ടിയത്തച്ചൻ. പ്രത്യേകിച്ച് ഞാൻ അമേരിക്കൻ ഐക്യനാടുകളിൽ പ്രവർത്തിച്ചപ്പോൾ അദ്ദേഹത്തിന്റെ സഹോദരൻ തുണ്ടിയത്ത് ബാബുക്കുട്ടി, ലിസ, മറ്റു കുടുംബാംഗങ്ങൾ എല്ലാവരും എനിക്ക് നൽകിയ പ്രോത്സാഹനം നിസ്സീമമാണ്. ഇന്നും ആ സൗഹൃദങ്ങൾ തുടരുന്നു. ജോൺ തുണ്ടിയത്ത് അച്ചൻ സഭയ്ക്ക് നൽകിയിട്ടുള്ള സേവനങ്ങൾ നിരവധിയാണ്. പത്തനംതിട്ട രൂപത

www.malankaralibrary.com

യുടെ വികാരി ജനറാൾ, എം.സി.എ.യുടെ സഭാതല ആത്മീയ പിതാവ്, എം.സി.വൈ.എം. ഡയറക്ടർ, തിരുവനന്തപുരം അതിരൂപതാ സ്ഥാപനങ്ങളുടെ മേധാവി, അജപാലകൻ, ഭരണകർത്താവ്, പ്രസംഗകൻ, സഭാസ്നേഹി തുടങ്ങിയ നിലകളിൽ നൽകിയ നേതൃത്വം അതുല്യമാണ്. ഈ രംഗങ്ങളിലെല്ലാം കൂടുതൽ ശക്തമായ നേതൃത്വം നൽകാൻ അദ്ദേഹത്തിന് ലഭിക്കുന്ന പുതിയ പദവി ഇടയാക്കും എന്ന് വിശ്വസിക്കുന്നു. കോറെപ്പിസ്കോപ്പ പദവിയിലേക്ക് സ്ഥാനാരോഹണം ചെയ്യപ്പെടുന്ന ജോൺ തുണ്ടിയത്ത് അച്ചന് അനുമോദനങ്ങളും ആശംസകളും ദൈവാനുഗ്രഹവും ആശംസിക്കുന്നു.

കോറെപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ അച്ചനും ആ സ്ഥാനത്തിന് തികച്ചും യോഗ്യനായ വ്യക്തിയാണ്. ഞാൻ മൈനർ സെമിനാരി റെക്ടർ ആയിരുന്ന അവസരത്തിലാണ് സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ അച്ചൻ മേജർ സെമിനാരി പഠനം പൂർത്തിയാക്കി വൈദികനായി അഭിഷേകം ചെയ്യപ്പെടുന്നത്. പുനരൈക്യ പ്രസ്ഥാനത്തിന് വേണ്ടി വലിയ ത്യാഗം സഹിച്ച ആമ്പശ്ശേരിൽ വല്യച്ചന്റെയും കുടുംബാംഗങ്ങളുടെയും ചരിത്രം മലങ്കര കത്തോലിക്കാ സഭയുടെ വളർച്ചയോട് ഇഴചേർന്ന ചരിത്രമാണ്. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ അച്ചൻ പൗരോഹിത്യ ശുശ്രൂഷയുടെ മഹത്വം എപ്പോഴും ഉയർത്തിപ്പിടിക്കുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ കുടുംബാംഗമായ ജോഷ്വ ചുട്ടിപ്പാറ അച്ചന്റെ പിന്തുണ എന്റെ ജീവിതത്തെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. വ്യക്തിപരമായി എന്നോട് വലിയ സ്നേഹവും, കരുതലും പുലർത്തുന്ന കുടുംബമാണ് ആമ്പശ്ശേരിൽ കുടുംബം. ബഹു. സെബാസ്റ്റ്യൻ അച്ചൻ മലങ്കര കത്തോലിക്കാ സഭയ്ക്കും പത്തനംതിട്ട രൂപതയ്ക്കും നൽകുന്ന സേവനങ്ങൾ അതുല്യമാണ്. നല്ല അജപാലകൻ, സെമിനാരിയിലെ ആത്മീയ ഗുരു, മനുഷ്യസ്നേഹി, സഭാസ്നേഹി തുടങ്ങിയ നിലകളിൽ എല്ലാം അച്ചൻ നൽകുന്ന നേതൃത്വം അഭിനന്ദനാർഹമാണ്. ഈയടുത്തകാലത്ത് അദ്ദേഹം ഉള്ളന്നൂരിൽ പണിതുയർത്തിയ പുതിയ ദൈവാലയം വലിയ സഭാ സമർപ്പണത്തിന്റെ നാഴികക്കല്ലായി നിലകൊള്ളുന്നു. നമുക്കെല്ലാം പ്രിയങ്കരനായ സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ അച്ചൻ കോറെപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന ഈ സന്ദർഭത്തിൽ അത്യധികം സന്തോഷിക്കുന്നു. അദ്ദേഹത്തിന് എല്ലാവിധ ഭാവുകങ്ങളും അനുഗ്രഹങ്ങളും നേരുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഒരു സ്വയാധികാര സ്വയംഭരണ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി വളർന്നു വികസിക്കുവാൻ നമ്മുടെ പിതാക്കന്മാരും വൈദികരും സന്യസ്ഥരും വിശ്വാസികളും ത്യാഗോജ്ജ്വലമായി പ്രവർത്തിച്ചിട്ടുണ്ട്. സഭാ ശുശ്രൂഷകളിൽ ഇപ്രകാരം പങ്കാളികളാകുന്നവരെ സഭ പ്രത്യേക രീതിയിൽ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നത് നമ്മുടെ സഭയുടെ നന്മയുടെയും വിശുദ്ധീകരണത്തിന്റെയും വികസനത്തിന്റെയും അടയാളമാണ്. സഭ ഒരു കുടുംബം എന്ന നിലയിൽ, നല്ല ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്ന എല്ലാവർക്കും യോഗ്യമായ പദവികൾ നൽകി ആദരിക്കേണ്ടതാണ്. സഭയിൽ എപ്പിസ്കോപ്പൽ വികാരിമാർ, മോൺസിഞ്ഞോർമാർ, കോറെപ്പിസ്കോപ്പാമാർ, റമ്പാൻമാർ എന്നിവരുടെയെല്ലാം സാന്നിധ്യവും ശുശ്രൂഷകളും നമ്മെ കൂടുതൽ ധന്യരാക്കും. റമ്പാൻ എന്ന പദത്തിന്റെ അർത്ഥം സന്യാസി എന്നാണ്. റമ്പാൻ പ്രാർത്ഥന കൊണ്ടും ധ്യാനം കൊണ്ടും ആത്മീയ നവീകരണത്തിലേക്കും ആത്മീയ നിറവിലേക്കും സഭയെ നയിക്കുന്നു. എന്നാൽ കോറെപ്പിസ്കോപ്പാ പദവി പൗരോഹിത്യത്തിന്റെ ഒരു ഉന്നതമായ ശ്രേണിയിലേക്കുള്ള സമർപ്പണമാണ്. അവർ സഭയോടും മെത്രാന്മാരോടും ചേർന്ന് നിന്ന് രൂപതാധ്യക്ഷന്റെ പ്രതിനിധിയായി സഭാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. ഈ പദവി സ്വയം വിശുദ്ധീകരണത്തിനും ആത്മീയ നവീകരണത്തിനും സുവിശേഷീകരണത്തിനും ഇടയാക്കുന്നു. ഈ പദവികൾ സ്വീകരിക്കുന്ന പത്തനംതിട്ട രൂപതയിലെ എല്ലാവരെയും എന്റെ നാമത്തിലും ബത്തേരി രൂപതയുടെ നാമത്തിലും അഭിനന്ദിക്കുന്നു പ്രാർത്ഥനകൾ നേരുന്നു. പത്തനംതിട്ട രൂപതയിൽ അഞ്ചു വൈദികർ ഉയർന്ന പദവി സ്വീകരിക്കുമ്പോൾ അവരെ അതിന് പരിശുദ്ധ സിനഡിന് ശുപാർശ ചെയ്ത രൂപതാധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് തിരുമേനിയെയും പരിശുദ്ധ സുനഹദോസിന്റെ അംഗീകാരത്തോടെ അവരെ റമ്പാൻ,കോറെപ്പിസ്കോപ്പോ പദവിയിലേക്ക് നിയോഗിച്ച മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിയെയും കൃതജ്ഞതയോടെ ഓർക്കുന്നു. നമ്മുടെ സഭ നിരവധിയായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന ഈ കാലഘട്ടത്തിൽ അതിനെയെല്ലാം അതിജീവിച്ച് രൂപതയെ ശക്തമായി പണിതുയർത്തുവാൻ ഈ പദവികൾ സ്വീകരിച്ചവർക്ക് ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഒരിക്കൽക്കൂടി റമ്പാൻ, കോറെപ്പിസ്കോപ്പാ പദവികൾ സ്വീകരിക്കുന്നവർക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു.


ദൈവം നമ്മെ അനുഗ്രഹിക്കട്ടെ,

**ഡോ. ജോസഫ് മാർ തോമസ്**
(ബിഷപ്പ്, ബത്തേരി)

Dharmapitam, Catholic Bishop's House, Sulthan Bathery P.O, 673 592, Wayanad, Kerala, INDIA
Tel: +91 4936 220 207 (0) Fax: + 91 4936 221 287 Cell: +91 94 47 05 31 75
E-mail: josephmarthomas@yahoo.com, dmsbathery@gmail.com

www.malankaralibrary.com

## ആശംസ



'എനിക്ക് ഇഷ്ടപ്പെട്ട ഇടയൻമാരെ ഞാൻ നിങ്ങൾക്കു തരും;
അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും.' (ജറെമിയാ 3 : 15)

മലങ്കര സുറിയാനി കത്തോലിക്കാ സഭയും വിശിഷ്യാ പത്തനംതിട്ട ഭദ്രാസനവും ഏറെ അഭിമാനത്തോടെ നോക്കിക്കാണുന്ന ഒരു ദിനമാണല്ലോ 2023 ഏപ്രിൽ 29. നാളിതുവരെയുള്ള ഭദ്രാസനത്തിലെ അജപാലന ശുശ്രൂഷകൾക്ക് നിസ്വാർത്ഥമായ സംഭാവന നൽകിവരുന്ന നമ്മുടെ ആദരണീയ വൈദികരായ ഫാ. അഗസ്റ്റിൻ പുലിമുറ്റത്ത്, ഫാ. ജോസഫ് കുരുമ്പിലേത്ത്, ഫാ. ജോൺ തുണ്ടിയത്ത്, ഫാ. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ എന്നിവർ സഭയിൽ കോറെപ്പിസ്കോപ്പാമാരായി ഉയർത്തപ്പെടുന്ന ഈ അനുഗ്രഹീത നിമിഷത്തിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു. ഒപ്പം റമ്പാൻ പദവിയിലേക്ക് ഉയർത്തപ്പെട്ട വന്ദ്യ ജോസഫ് റമ്പാച്ചന് തുടർ പ്രവർത്തന വീഥിയിൽ എല്ലാ മംഗളങ്ങളും ഭാവുകങ്ങളും നേരുന്നു...!

അജപാലനത്തിന്റെ തീക്ഷ്ണമായ ദൈവീക ദൗത്യം സർവഥാ ശിരസ്സിലേറ്റി, താനുൾപ്പെടുന്ന വിശ്വാസസമൂഹത്തിനായി തങ്ങളുടെ ഇടയശുശ്രൂഷ നിർവഹിക്കുവാനും അതിലൂടെ തങ്ങളുടെ ജീവിതവിശുദ്ധിയും സ്വർഗ്ഗീയ സൗരഭ്യവും അനേകർക്കു പകർന്നുനൽകുവാനും അഭിനവ കോർ എപ്പിസ്കോപ്പാമാർക്കും വന്ദ്യ റമ്പാച്ചനും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.


സഭയിലെ അധികാരങ്ങൾ കർക്കശമായ നിലപാടുകൾ കൊണ്ട്, നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നേടിയെടുക്കേണ്ട ഒന്നല്ല, മറിച്ച് സ്നേഹത്തിലൂന്നിയ ശുശ്രൂഷയിലൂടെ നേടിയെടുക്കേണ്ടതാണ്. സ്വശിഷ്യരുടെ പാദങ്ങൾ കഴുകിയ കർത്താവീശോമിശിഹാ തന്നെയാണ് ഇവിടെ നമ്മുടെ മാതൃക. ആ മാതൃക അനുകരിച്ചുകൊണ്ട് ഉത്തരവാദിത്തങ്ങളിൽ സ്നേഹത്തിന്റെ അധികാരനിർവഹണം നടത്തുവാൻ പ്രിയ കോറെപ്പിസ്കോപ്പാ അച്ചന്മാർക്കും വന്ദ്യ റമ്പാച്ചനും കഴിയും എന്നതിൽ സംശയമില്ല.

ഏറെ പ്രതിസന്ധികളും വെല്ലുവിളികളും നിറഞ്ഞ ഈ കാലഘട്ടത്തിൽ സഭയുടെ പ്രവർത്തനങ്ങളിലും സത്യവിശ്വാസ പോരാട്ടങ്ങളിലും കൂടുതൽ ഊർജ്ജസ്വലതയോടെ വിശ്വാസ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുവാൻ കോറെപ്പിസ്കോപ്പാ, റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട വന്ദ്യ വൈദികർക്ക് സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു...!

**മോൺ. വർഗീസ് കാലായിൽ വടക്കേതിൽ**
(വികാരി ജനറാൾ, പത്തനംതിട്ട രൂപത)

---

## ആശംസ



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ സുനഹദോസ് പത്തനംതിട്ട രൂപതയിൽ നിന്നും അഭിവന്ദ്യ ചാമക്കാലായിൽ കോറെപ്പിസ്കോപ്പായെ റമ്പാൻ സ്ഥാനത്തേക്കും ആദരണീയരായ ജോസഫ് കുരുമ്പിലേത്തച്ചനെയും അഗസ്റ്റിൻ പുലിമറ്റത്തച്ചനെയും സെബാസ്റ്റ്യൻ ആമ്പശ്ശേരിയച്ചനെയും ജോൺ തുണ്ടിയത്ത് അച്ചനെയും കോറെപ്പിസ്കോപ്പാ സ്ഥാനത്തേക്കും തെരഞ്ഞെടുത്ത് നിയോഗിച്ചുവെന്നതിൽ ഏറെ അഭിമാനവും സന്തോഷവുമുണ്ട്. ജീവിത വിശുദ്ധിയിലും അജപാലന ശുശ്രൂഷകളിലും മികവ് പുലർത്തിയ വന്ദ്യ വൈദിക ശ്രേഷ്ഠർ സഭയോടൊത്ത് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണെന്ന പ്രത്യേകതയുമുണ്ട്. മാതൃകാപരമായ ജീവിതത്തിലൂടെ വൈദിക സംഘത്തെയും ദൈവജനത്തെയും മുൻനിരയിൽ നിന്ന് നയിക്കുവാൻ അഭിനവ റമ്പാച്ചനെയും അഭിനവ കോറെപ്പിസ്കോപ്പാമാരെയും ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

കർത്താവിന്റെ എളിയ ശുശ്രൂഷി
**ഫാ. മത്തായി കടവിൽ ഒ.ഐ.സി.**
(സുപ്പീരിയർ ജനറൽ ബഥനി സന്യാസ സമൂഹം)

www.malankaralibrary.com

## ആശംസ



ആത്മീയ നിറവിൽ ആയിരിക്കുന്ന പത്തനംതിട്ട ഭദ്രാസനത്തിനും അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവിനും പുതിയ ശുശ്രൂഷ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന വന്ദ്യ കോറെപ്പിസ് കോപ്പാമാർക്കും വന്ദ്യ റമ്പാച്ചനും മേരീ മക്കളുടെ സ്നേഹാശംസകൾ . 2010 ജനുവരി 25ന് ഭാഗ്യ സ്മരണാർഹനായ പരി. ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ ശ്ലൈഹിക ആശിർവാദ ത്തോടുകൂടി സ്ഥാപിതമായ രൂപത 13 വർഷങ്ങൾ പിന്നിടുമ്പോൾ ദൈവം തന്റെ കരുണാ സമൃ ദ്ധിയിൽ നിന്ന് നാല് കോറെപ്പിസ്കോപ്പാമാരെ കൂടി രൂപതയ്ക്ക് നൽകി അനുഗ്രഹിച്ചു എന്ന തിൽ സന്തോഷിക്കുകയും നല്ല ദൈവത്തിന് നന്ദി പറയുകയും ചെയ്യുന്നു തീക്ഷ്ണമായ വിശ്വാസത്തിന്റെയും ആഴമായ ദൈവാശ്രയ ബോധത്തിന്റെയും വഴികളിലൂടെ സഭയ്ക്കും സമൂഹത്തിനും വേണ്ടി സ്വയം ജ്വലിക്കുകയും മറ്റുള്ളവരെ ജ്വലിപ്പിക്കുകയും ചെയ്യുന്ന അഞ്ച് വന്ദ്യ വൈദികരെ ഉന്നത പദവിയിലേക്ക് ഉയർ ത്തുന്നതിലൂടെ രൂപതാ പ്രവർത്തനങ്ങൾ കൂടുതൽ സമ്പന്നമാകട്ടെ . ബഹു. അഗസ്റ്റിൻ പുലിമുറ്റത്ത് അച്ചൻ, ബഹു. ജോസഫ് കുരുമ്പിലേത്ത് അച്ചൻ, ബഹു. ജോൺ തുണ്ടിയത്ത് അച്ചൻ, ബഹു. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ അച്ചൻ, വന്ദ്യ ജോസ് ചാമക്കാലായിൽ കോറെപ്പിസ്കോപ്പാ എന്നിവരെ ദൈവം ആത്മീയ നന്മകളാൽ നിറയ്ക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം,

**സി. ലിഡിയ ഡി.എം.**
(സുപ്പീരീയർ ജനറൽ,
മേരീമക്കൾ സന്യാസിനീ സമൂഹം))

---

## ആശംസ

# മലങ്കരയുടെ അഭിമാനമായ വന്ദ്യ നിയുക്ത കോറെപ്പിസ്കോപ്പാമാർ, റമ്പാച്ചൻ



"സമൃദ്ധമായ അനുഗ്രഹങ്ങളുമായി അവിടുന്ന് അവനെ സന്ദർശിച്ചു. അവന്റെ ശിരസ്സിൽ തങ്കക്കിരീടം അണിയിച്ചു. അങ്ങയുടെ സഹായത്താൽ അവന്റെ മഹത്വം വർധിച്ചു" (സങ്കീ. 21. 3-5)

മലങ്കര കത്തോലിക്കാ സഭയ്ക്ക് ഇത് അനുഗ്രഹീത നിമിഷങ്ങളാണ്. നമ്മുടെ അഞ്ചു പുരോഹിതശ്രേഷ്ഠർ പെരിയ ബഹു. ജോസ് ചാമക്കാലായിൽ അച്ചൻ, ബഹു. അഗസ്റ്റിൻ പുലിമുറ്റത്ത് അച്ചൻ, ബഹു. ജോസഫ് കുരുമ്പിലേത്ത് അച്ചൻ, ബഹു. ജോൺ തുണ്ടിയത്ത് അച്ചൻ, ബഹു. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ അച്ചൻ - എന്നിവർ പുതിയ നിയോഗത്തിന്റെ അങ്കിയണിഞ്ഞും ത്യാഗത്തിന്റെ ശിരോവസ്ത്രം ധരിച്ചും റമ്പാൻ സ്ഥാനത്തേക്കും, കോറെപ്പി സ്കോപ്പാ സ്ഥാനത്തേക്കും ഉയർത്തപ്പെടുകയാണ്. സഭാമക്കളെ സംബന്ധിച്ച് ഇത് നന്ദിയുടെയും പ്രാർത്ഥനയു ടേയും നിമിഷങ്ങളാണ്. ഈ വന്ദ്യ വൈദികശ്രേഷ്ഠർ മലങ്കര കത്തോലിക്കാ സഭയുടെ, വിശേഷിച്ചും പത്തനംതിട്ട ഭദ്രാ സനത്തിന്റെ അഭിമാനങ്ങളാണ്. കരുണയുടേയും സ്നേഹത്തിന്റേയും വക്താക്കളായി നിലകൊണ്ട് തങ്ങളുടെ പൗരോഹിത്യ ശുശ്രൂഷ വഴി ദൈവത്തിനു മഹത്വവും ദൈവജനത്തിന് പ്രേരണയും പ്രചോദനവും നൽകിയവരാണ് ഇവർ.

പരിശുദ്ധ സഭയുടെ ചങ്കായ സന്യാസജീവിതത്തേയും സന്യസ്തരേയും സ്നേഹിക്കുകയും കരുതുകയും സഭയോട് ചേർത്തു നിർത്തുവാൻ എപ്പോഴും ശ്രദ്ധ പുലർത്തുകയും ചെയ്യുന്നവരാണിവർ. ദൈവം ഭരമേല്പിച്ച ഈ പുതിയ നിയോഗത്തിലും സ്ഥാനലബ്ധിയിലും ഞങ്ങൾ സന്തോഷിക്കുന്നു, ദൈവത്തിന് നന്ദി പറയുന്നു.

വന്ദ്യ റമ്പാച്ചനും വന്ദ്യ കോറെപ്പിസ്ക്കോപ്പാമാർക്കും ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹത്തിലെ എല്ലാ അംഗങ്ങളുടേയും സ്നേഹനിർഭരമായ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

**മദർ ഡോ. ആർദ്ര എസ്.ഐ.സി.**
(സുപ്പീരിയർ ജനറൽ, ബഥനി സന്യാസിനീ സമൂഹം)

www.malankaralibrary.com

# ആശംസ



"എന്നെ ശക്തിപ്പെടുത്തുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന് ഞാൻ നന്ദി പറയുന്നു. എന്തെന്നാൽ തന്റെ ശുശ്രൂഷയ്ക്കായി എന്നെ നിയമിച്ചുകൊണ്ട് അവൻ എന്നെ വിശ്വസ്തനായി കണക്കാക്കി." (1 തിമോ. 1 : 12)

മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം പൗരോഹിത്യത്തിന്റെ പുതിയ പദവിയിലേക്ക് വന്ദ്യ വൈദികർ ഉയർത്തപ്പെട്ട ഒരു അനുഗ്രഹീത കാലഘട്ടമാണിത്. പ്രത്യേകമായി പത്തനംതിട്ട രൂപതയിൽ വന്ദ്യ ചാമക്കാലായിൽ ജോസഫ് റമ്പാനും കോറെപ്പിസ്കോപ്പാമാരായി റൈറ്റ് റവ. അഗസ്റ്റിൻ പുലിമുറ്റത്ത്, റൈറ്റ് റവ. ജോസഫ് കുരുമ്പിലേത്ത്, റൈറ്റ് റവ. ജോൺ തുണ്ടിയത്ത്, റൈറ്റ് റവ. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ എന്നീ വൈദികർക്കും ലഭിച്ച പുതിയ ശുശ്രൂഷാ ദൗത്യത്തിൽ ഞങ്ങൾ ഏറെ സന്തോഷിക്കുന്നു. ഏവർക്കും പത്തനംതിട്ട പ്രോവിൻസിലെ ബഥനി സിസ്റ്റേഴ്സിന്റെ ആശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

വന്ദ്യ വൈദികരുടെ പൗരോഹിത്യ ശുശ്രൂഷയിലൂടെ സഭയ്ക്കും പ്രത്യേകമായി ബഥനി പത്തനംതിട്ട പ്രോവിൻസിനും ലഭിച്ച എല്ലാ ശുശ്രൂഷകളും പ്രോത്സാഹനവും ആത്മീയ പിന്തുണയും ഞങ്ങൾ നന്ദിയോടെ ഈ അവസരത്തിൽ ഓർക്കുന്നു. പൗരോഹിത്യപന്ഥാവിൽ നിങ്ങൾ നൽകിയ ആത്മസമർപ്പണവും വിശ്വസ്തതയും ആത്മീയജീവിതനിറവും ദൈവം ദർശിക്കുകയും സഭ മാനിക്കയും ചെയ്തുകൊണ്ട് ഇന്ന് ശുശ്രൂഷയുടെ പുതിയ പന്ഥാവിലേക്ക് കൈപിടിച്ച് ഉയർത്തിയിരിക്കുന്നു. ഈ മഹനീയ ദൗത്യം സഭയിൽ തുടരുവാൻ ആവശ്യമായ കൃപാവരങ്ങൾ സർവ്വശക്തൻ നൽകട്ടെ.

സ്നേഹാദരങ്ങളോടെ,

**സിസ്റ്റർ തമീം എസ്.ഐ.സി.**
(പ്രൊവിൻഷ്യൽ സുപ്പീരിയർ,
ബഥനീ സന്യാസിനീ സമൂഹം, പത്തനംതിട്ട പ്രൊവിൻസ്)

---


# സെന്റ് തോമസ് മൈനർ സെമിനാരി, ആറ്ററികം.



## ദൈവവിളി ധ്യാനം

**മെയ് 7, 8, 9, 10** | **സെന്റ് തോമസ് മൈനർ സെമിനാരി, ആറ്ററികം**

For contact :
**Fr. Sijo James**
9562990768

**Fr. Justin**
8590628113

www.malankaralibrary.com

# THE SYRO-MALANKARA CATHOLIC CHURCH

## COREPISCOPO


1. **Insignia (സ്ഥാനവസ്ത്രങ്ങൾ)**
   i. White Cassock, Red Sash (without the lower long part)
   ii. Silver Cross on a silver chain





(ii) *Pathraseen,* attached to their Cope

(iii) Black over coat with red lining



2. **Salutation:** Rt. Rev. ………………..Corepiscopo
   വന്ദ്യ …………………..കോറെപ്പിസ്കോപ്പാ

These are the new Insignia as decided by the Holy Episcopal Synod of the Syro-Malankara Catholic Church. For all the liturgical functions, black over coat and pectoral cross are obligatory.

31-03-2023.

BASELIOS CARDINAL CLEEMIS · MAJOR ARCHBISHOP-CATHOLICOS · THE SYRO MALANKARA CATHOLIC CHURCH

✠ Baselios Cardinal Cleemis
Major Archbishop-Catholicos.

www.malankaralibrary.com

# THE SYRO-MALANKARA CATHOLIC CHURCH

## REMBAN

1. **Insignia (സ്ഥാനവസ്ത്രങ്ങൾ):**

   (i) Black Cassock with black sash (without the lower long part) is the official dress. *Kavi* Cassock can be used (with *Kavi* sash) as casual dress

   (i) Bethany Cross in a black twain as Pectoral Cross.





   (ii) *Masanapso* (Head cover) embellished with 13 crosses (signifying a monk)



   (iii) Black over coat with blue lining (signifying total dedication to God)





   (iv) Wooden Cross hung around the neck on a black thread

2. **Salutation**: Rt. Rev. ………………. Remban
   വന്ദ്യ ………………….. റമ്പാൻ

These are the new Insignia as decided by the Holy Episcopal Synod of the Syro-Malankara Catholic Church. For all the liturgical functions, black cassock with black over coat and pectoral cross are obligatory.

31-03-2023

✠ Baselios Cardinal Cleemis
Major Archbishop-Catholicos

www.malankaralibrary.com



# പഠിച്ചും പഠിപ്പിച്ചും ജോസഫ് ചാമക്കാലായിൽ റമ്പാച്ചൻ...

| | |
|---|---|
| Name | **Rt. Rev. Joseph Chamakalayil Remban** |
| Name of Father | C.M. Thomas |
| Name of Mother | Sosamma Thomas |
| Date of Birth | January 4, 1953 |
| Date of Ordination | April 5, 1978 |

***Parish Served & Period of Service***

1. Asst. Vicar Kummalloor, Chenkulam, Poriyacode, Paruthiyara, Kottara, Pooyappally, Maruthamonpally, Kollam (1978-79)
2. Venniyoor, Mulloor, Vizhingam, Chowara, Punnakulam (1979-1982)
3. Seethathode, Chittar, Vayyattupuzha, Pampini, Gurunathanmannu (1982-1985)
4. Kudassanad, Pandalam, Poozhikkad, Kurampala West (1985-1988)
5. Chemboor, Chanaikonam, Palottukonam, Manchamcodu, Anakuzhy, poozhanadu, Kadambra, Mannamcodu, Vattaparambu, Aruvattukonam (1988 -1990)
6. Kazhakoottom, Meenamkulam, Channamkara, Manvila, Kadinamkulam (1988-1990)
7. Puliyoor, Elanjimel, Cheriyanad (1990-1991)
8. Palayam, Kannaravila, Kodangavila, Pappanamcodu, Tiruvallom (1991-1996)
9. Thuvayoor West, Thuvayoor East, Anthichira (1996-2000)
10. Padi, Thiruvattiyur, Perumboor (2000 - 2007)
11. Paratukonam (2007-10) Kattuvila (3 months)
12. Attarikom (2017 -2019), (2021-2022), Thonniyamala (2021 –2023)

***Institution/Department served and period of Service***

1. Director MCYM, Archdiocese of TVM (1985-90)
2. Procurator St. Mary's Major Seminary (1988-1990)
3. Archdiocesan Procurator (1991 – 1996)
4. Principal Sacred Heart H.S. School, Padi, Secretary Mar Gregorios College (2000 – 2007)
5. Rector, St. Aloysius Seminary, Trivandrum (2007 -2010)
6. Chief Vicar General, Pathanamthitta (2010 - 2017)
7. Rector, St. Thomas Minor Seminary, Pathanamthitta (2017-2023)

"ഇക്കാര്യങ്ങൾ നമ്മുടെ സഹോദരന്മാരുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ നീ യേശുക്രിസ്തുവിന്റെ നല്ല ശുശ്രൂഷകനായിരിക്കും - വിശ്വാസത്തിന്റെ വചനങ്ങളാലും നീ ഇതുവരെ അനുവർത്തിച്ചുപോന്ന നല്ല വിശ്വാസസംഹിതയാലും പരിപോഷിപ്പിക്കപ്പെട്ട ശുശ്രൂഷകൻ." (1 തിമോ. 4: 6)

പൗരോഹിത്യത്തിന്റെ ഏറ്റവും വലിയ സൗന്ദര്യം പകരുന്നതിലും നയിക്കുന്നതിലുമാണ്. പകരുന്നത് ജ്ഞാനവും ദൈവവിശ്വാസവുമാണ്. നയിക്കുന്നത് ദൈവജനത്തെയാണ്. ബഹുമാനപ്പെട്ട ജോസ് ചാമക്കാലായിൽ കോറെപ്പിസ്കോപ്പ, റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെടുമ്പോൾ മനോഹരമായ പൗരോഹിത്യ ജീവിതത്തിൽ ഒരു അധ്യായം കൂടി പിന്നിടുന്നെന്നു മാത്രം.

ആരായിരിക്കണം പുരോഹിതൻ? പുരോഹിതൻ ദൈവജനത്തിനു ശുശ്രൂഷ ചെയ്യാൻ നിയോഗിക്കപ്പെട്ടവനാണ്. ആ ശുശ്രൂഷ ഏറ്റവും ഭംഗിയായി നിർവഹിക്കുമ്പോഴാണ് ഒരു പുരോഹിതൻ ദൈവജനത്തിനു പ്രിയപ്പെട്ടവനായി മാറുന്നത്. ജോസഫ് ചാമക്കാലായിൽ റമ്പാച്ചനെ സംബന്ധിച്ചിടത്തോളം അദ്ദേഹം തന്നെ ഏൽപിച്ച ശുശ്രൂഷ ഏറ്റവും ഭംഗിയായി നിർവഹിച്ചയാളാണ്.

മൈലപ്ര മലങ്കര കത്തോലിക്കാ ദേവാലയത്തിന്റെ പടികളിൽ ഇരുന്നാണ് ഞാൻ ആദ്യം ജോസ് ചാമക്കാലായിൽ ശെമ്മാശനെ ശ്രവിച്ചത്. പഴയ കരിങ്കൽ പള്ളി. അതിനു മുന്നിലെ വലിയ പടികൾ. ആദ്യകുർബാന സ്വീകരണത്തിനൊരുങ്ങുന്ന കുട്ടികൾ അന്ന് ആ പടികളിൽ നിരന്നിരുന്നു. ഞാൻ നാലാം ക്ലാസ് വിദ്യാർഥി. വിശുദ്ധ കുർബാനയെക്കുറിച്ചായിരുന്നു ശെമ്മാശൻ പറഞ്ഞുകൊണ്ടിരുന്നത്. അപ്പവും വീഞ്ഞും എടുത്ത് ഇതെന്റെ ശരീരവും രക്തവും ആകുന്നു എന്ന് വൈദികൻ പറയുമ്പോൾ അത് അങ്ങനെയാകുമോ എന്ന് ശെമ്മാശന്റെ ചോദ്യം. ആകും എന്ന് എല്ലാവരും ഉറപ്പിച്ചു പറഞ്ഞപ്പോൾ ഞാൻ മിണ്ടാതിരുന്നു. നീ തോമാശ്ലീഹായെപ്പോലെ കണ്ടാലേ വിശ്വസിക്കുവോ എന്നു ചോദിച്ച് ശെമ്മാശൻ ചിരിച്ചു.

www.malankaralibrary.com

മൈലപ്ര ചാമക്കാലായിൽ തോമാ സാറിന്റെ 10 മക്കളിൽ എട്ടാമനായ ജോസ് ചാമക്കാലായിൽ എന്നും വിശ്വാസത്തിലൂന്നിയ ജ്ഞാനസമ്പാദനത്തിന്റെ വഴിയിലായിരുന്നു. സപ്തതിയിലും ജ്ഞാനസമ്പാദനം തുടരുകയും ചെയ്യുന്നു. ആഗ്രഹിച്ച കാര്യത്തിനായി എത്ര തീവ്രമായി നിലകൊള്ളാൻ അദ്ദേഹത്തിനു കഴിയുമെന്നതിന് ആ പൗരോഹിത്യം തന്നെ തെളിവാണ്. കത്തോലിക്കാ സഭയിൽ വളർന്നുവരുന്ന എല്ലാ ബാലൻമാരെയും പോലെ ദേവാലയത്തോടു ചേർന്നുനിന്നും അൾത്താര ബാലനായി ശുശ്രൂഷയ്ക്ക് സഹായിച്ചുമാണ് ജോസ് അച്ചന്റെയും തുടക്കം. മാത്യു പൊന്മേലിൽ അച്ചനോടും മൈലപ്ര വല്യച്ചനോടുമൊപ്പം മദ്ബഹായിൽ ശുശ്രൂഷയ്ക്ക് കയറിയിട്ടുള്ള അദ്ദേഹത്തിന്റെ വഴി പൗരോഹിത്യത്തിലേക്ക് മാറുന്നത് 1968ൽ എസ്എസ്എൽസി പരീക്ഷയ്ക്കു ശേഷമാണ്. ആ വഴി അത്ര എളുപ്പമായിരുന്നില്ലെന്ന് അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. സുഹൃത്തിനൊപ്പം തിരുവനന്തപുരത്തേക്കു നടത്തിയ യാത്രയും ആ യാത്രയിൽ മൈനർ സെമിനാരിയിൽ നടന്ന ധ്യാനത്തിൽ സംബന്ധിച്ചതുമാണ് വഴിത്തിരിവായത്. പിന്നീട് പുരോഹിതനാകാനുള്ള വിളി എത്തിയപ്പോൾ വികാരി അച്ചൻ പറഞ്ഞത് ' നീ പോയാൽ അവിടെ നിൽക്കില്ല' എന്നായിരുന്നു എന്ന് ജോസ് അച്ചൻ അനുസ്മരിക്കുന്നുണ്ട്. അതുകൊണ്ട് നിരാശനായില്ല. നിങ്ങൾ ഒരു കാര്യത്തിനായി തീവ്രമായി ആഗ്രഹിച്ചാൽ അതു നിങ്ങൾക്ക് ലഭ്യമായിരിക്കും എന്ന് പൗലോ കെയ്‌ലോ എന്ന നോവലിസ്റ്റ് 'ദി ആൽക്കമിസ്റ്റ്' എന്ന നോവലിൽ പറയുന്നതുപോലെയായിരുന്നു ജോസ് അച്ചന്റെ കാര്യത്തിലും സംഭവിച്ചത്. തീവ്രമായ ആഗ്രഹത്തെ തടഞ്ഞുനിർത്താൻ ആവില്ലെന്നു കണ്ട് അച്ചന്റെ പിതാവു തന്നെ മുന്നിട്ടിറങ്ങുകയും വികാരി അച്ചന്റെ ശുപാർശക്കത്ത് വാങ്ങുകയും ചെയ്തു.

1968 ജൂൺ 10-ന് തിരുവനന്തപുരത്തേക്ക് പുറപ്പെട്ട ജോസ് ചാമക്കാലായിൽ എന്ന യുവാവ് ഇന്ന് റമ്പാൻ സ്ഥാനത്തെത്തുന്നു. അന്ന് ആ ബസിൽ സഹയാത്രികരായി ഉണ്ടായിരുന്നത് ഒരു കടമ്മനിട്ടക്കാരനും ഒരു വടശേരിക്കരക്കാരനും മറ്റൊരു മൈലപ്രക്കാരനും ആയിരുന്നു. കടമ്മനിട്ടയിൽ നിന്നുള്ള യുവാവ് സാമുവേൽ മാർ ഐറേനിയോസ് എന്ന പേരിലും വടശ്ശേരിക്കരയിൽ നിന്നുള്ള യുവാവ് ജോസഫ് മാർ തോമസ് എന്ന പേരിലും ബിഷപ്പുമാരായി. മികച്ച പ്രഭാഷകനും നല്ല ഭരണാധികാരിയുമായി മികവ് കാട്ടിയ ജോസ് അച്ചൻ ഇപ്പോൾ റമ്പാൻ സ്ഥാനത്തേക്കെത്തുന്നു. ബസ് മുന്നോട്ടുതന്നെയാണ്. യാത്ര തുടരുകയാണ്. ജോസ് അച്ചന്റെ പ്രഭാഷണം ശ്രദ്ധിച്ചിട്ടുള്ളവർക്കറിയാം ശബ്ദത്തിന്റെ അമിതമായ ഏറ്റക്കുറച്ചിലുകളില്ല. ധ്യാനഗുരുവിനെപ്പോലെയാണ് അദ്ദേഹത്തിന്റെ പ്രഭാഷണ ശൈലി. കഥകളിലൂടെയും ഉദാഹരണങ്ങളിലൂടെയും അതിലളിതമായി സുവിശേഷ ഭാഗങ്ങൾ അദ്ദേഹം വ്യാഖ്യാനിക്കുന്നു. സാധാരണക്കാർക്കു മനസ്സിലാകുന്ന തരത്തിൽ അത് അവതരിപ്പിക്കുന്നു.

ഭരണതലത്തിലും തനതായ ശൈലിയുണ്ട്. തിരുവനന്തപുരം അതിരൂപതയുടെ പ്രൊക്യുറേറ്ററായി അതിരൂപതയുടെ സാമ്പത്തിക സുസ്ഥിതി വർദ്ധിപ്പിക്കുന്നതിനും പത്തനംതിട്ട രൂപത സ്ഥാപിതമായപ്പോൾ രൂപതയുടെ ശൈശവദിശയിൽ സുദീർഘമായ 7 വർഷം ചീഫ് വികാരി ജനറാളായി അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിനോട് ചേർന്ന് രൂപതയ്ക്ക് അടിസ്ഥാനം ഉറപ്പിക്കുന്നതിനും അച്ചന് സാധിച്ചു. പത്തനംതിട്ട രൂപതയുടെ വികാരി ജനറാൾ എന്നുള്ള കാലയളവിൽ രൂപതയിലെ എല്ലാ ദൈവാലയങ്ങളും സന്ദർശിക്കുവാനും വിശുദ്ധ കുർബാനയിലൂടെയും വചന പ്രഘോഷണത്തിലൂടെയും വിശ്വാസ സമൂഹത്തെ സഭയോട് ചേർന്ന് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും പ്രതിജ്ഞാബദ്ധരാക്കാൻ അച്ചന് സാധിച്ചു.

1978 ഏപ്രിൽ 5 ന് മൈലപ്ര തിരുഹൃദയ ദേവാലയത്തിൽ ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസിൽ നിന്ന് വൈദിക പട്ടം സ്വീകരിച്ച അദ്ദേഹം 44 വർഷത്തെ പൗരോഹിത്യ ജീവിതത്തിൽ 58 ദേവാലയങ്ങളിൽ ശുശ്രൂഷ ചെയ്തു. മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ ഡയറക്ടർ ആയി. മാർ ഇവാനിയോസ് തിരുമേനിയുടെ കബറിടത്തിലേക്കുള്ള തീർഥാടന പദയാത്രയ്ക്ക് 5 വർഷം നേതൃത്വം നൽകി.

"മകനേ, ചെറുപ്പം മുതലേ ജ്ഞാനോപദേശം തേടുക, വാർധക്യത്തിലും നീ ജ്ഞാനം സമ്പാദിച്ചുകൊണ്ടിരിക്കും" (പ്രഭാ.6 : 18) പഠിച്ചും പഠിപ്പിച്ചും ആ യാത്ര മുന്നോട്ടു പോവുകയാണ്. നവതി ആഘോഷിക്കുന്ന മൈലപ്ര ഇടവകയ്ക്ക് അഭിമാന നിമിഷവും ആണിത്. ഇടവകയുടെ പ്രിയപുത്രൻ പൗരോഹിത്യത്തിന്റെ മറ്റൊരു തലത്തിലേക്കു കടക്കുന്നു. ആ ജ്ഞാന യാത്ര അഭംഗുരം തുടരട്ടെ.



**ബോബി ഏബ്രഹാം**
(പത്തനംതിട്ട ഭദ്രാസനം - മൈലപ്ര ഇടവകാംഗം,
അസി. എഡിറ്റർ, മലയാള മനോരമ, പത്തനംതിട്ട)



www.malankaralibrary.com

# ആടുകളുടെ ചൂടും ചൂരുമുള്ള ഇടയൻ റൈറ്റ് റവ. അഗസ്റ്റിൻ പുലിമുറ്റത്ത് കോറെപ്പിസ്കോപ്പ

| | |
|---|---|
| Name | **Rt. Rev. Augustine Pulimuttathu Cor-Episcopa** |
| Name of Father | Augustine |
| Name of Mother | Catharine |
| Date of Birth | September 6, 1949 |
| Date of Ordination | April 6,1976 |

***Parish served & Period of Service***

1. Sooranadu, Poruvazhy, Pavumpa, 1976-1980
2. Alwaye for MTH Studies, 1980-1982
3. Thannithode, Thekkuthode, Mannera, 1982-1991
4. Adoor, Parakode, Paranthal, 1991-1996
5. Venniyoor, Chowara, Punnakulam, Mulloor, Vizhingam, 1996-2001
6. Kanakkuzhy, Kallamom 2001-2006
7. Punalur, Vilakkuvattom, Manjamonkala, 2006-2010
8. Vakayar, Muthupezhumckal, Elappupara, Anjilikunnu, 2010 - 2013
9. Thumpamon, Kaipattoor 2013-2016
10. Thatta 2016-2023
11. District Vicar Adoor (42 Parishes) 1991-1996
12. Kattakada, District Viacr (44 Parishes), 2002-2006
13. Punalur District Vicar (24 Parishes), 2006-2010
14. Konny District Vicar (30 Parishes), 2010-2013

***Institution/Department served and period of Service***

1. St. Mary's Malankara Major Seminary, Teaching Pastoral Theology, 1994-1996
2. Correspondent MSC School, Pattom, 2001-2006
3. Correspondant MSC School, Pathanamthitta 2013-2017

സീതത്തോട് പുലിമുറ്റത്ത് അഗസ്റ്റിന്റെയും കാതറിന്റെയും മകനായി 1949 സെപ്റ്റംബർ 6-ന് ജനിച്ചു. 1965 ജൂൺ 6-ന് പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ വൈദിക പരിശീലനം ആരംഭിച്ചു. 1976 ഏപ്രിൽ 6 ന് വൈദികനായി. ആലുവ മംഗലപ്പുഴ സെമിനാരിയിൽ നിന്ന് MTh നേടി. ശൂരനാട്, പോരുവഴി, പാവുമ്പ ഇടവകകളിൽ വൈദിക ശുശ്രൂഷ ആരംഭിച്ചു. മുപ്പതിലധികം പള്ളികളിൽ വികാരിയായി. തിരുവനന്തപുരം അതിരൂപതയിലും പത്തനംതിട്ട രൂപതയിലും എം.എസ്.സി സ്കൂളുകളുടെ കറസ്പോണ്ടന്റ് ആയിരുന്നു. അടൂർ, കാട്ടാക്കട, പുനലൂർ, കോന്നി വൈദിക ജില്ലകളിൽ ജില്ലാ വികാരിയായിരുന്നു. മലങ്കര മേജർ സെമിനാരിയിൽ പാസ്റ്ററൽ തിയോളജി പ്രൊഫസറായിരുന്നു. തിരുവനന്തപുരം അതിരൂപതയുടെ തെക്കൻ മിഷനുകളിൽ ദീർഘകാലം സേവനം ചെയ്തു. ഇപ്പോൾ തട്ട മലങ്കര സുറിയാനി കത്തോലിക്കാ പള്ളി വികാരിയാണ്.

പ്രിയപ്പെട്ട അഗസ്റ്റിൻ പുലിമുറ്റത്ത് അച്ചൻ. പേരിനോട് നീതി പുലർത്തുന്ന സവിശേഷ ജീവിതം നയിക്കുന്ന വൈദീകശ്രേഷ്ഠൻ. ചാക്കോ തടത്തിൽ അച്ചൻ പത്തനംതിട്ട രൂപതാ മോൺസിഞ്ഞോറായി നിയമിതനായപ്പോൾ അഗസ്റ്റിൻ അച്ചൻ വകയാർ ഇടവകയുടെയും കോന്നി വൈദികജില്ലയുടെയും വികാരിയായി. അന്നു മുതലാണ് വ്യക്തിപരമായി അച്ചനുമായുള്ള അടുപ്പം.

ഇടവക ശുശ്രൂഷയുടെ ആദ്യനാൾ മുതൽ സ്ഥലം മാറി പോകുന്നതുവരെ എല്ലാവരോടും എന്നും ഒരുപോലെ സഹകരിക്കുന്നതിനും ദൈവജനത്തിന്റെ ശുശ്രൂഷകൾ മുടക്കം കൂടാതെ നിർവഹിക്കുന്നതിനും അഗസ്റ്റിൻ അച്ചന് സാധിച്ചിരുന്നു. പേരിലെ പുലിപോലെ ആർക്കും പെട്ടെന്ന് അടുത്ത് ചെല്ലാനും സൗഹൃദം സ്ഥാപിക്കുവാനും സാധിക്കുമായിരുന്നില്ല. ആരാധനാ കാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ച്ചയ്ക്കും തയ്യാറും ആയിരുന്നില്ല. മനസിലുള്ളത് മുഖത്ത് നോക്കി പറയുന്നതിൽ പ്രത്യേക ധൈര്യവും അഗസ്റ്റിൻ അച്ചന്റെ പ്രത്യേകത ആയിരുന്നു. ഇടവക ശുശ്രൂഷാ കാലഘട്ടത്തിൽ തന്നെ ഏൽപ്പിച്ച ദൈവിക ശുശ്രൂഷ നൂറ് ശതമാനം ആത്മാർത്ഥതയോടെ നിർവഹിച്ചിരുന്നു എന്നതും നിസംശയം കുറിക്കുന്നു. നന്നായി പഠിച്ചും വായിച്ചും തയാറെടുപ്പോടെ നടത്തുന്ന പ്രസംഗങ്ങൾ അർത്ഥസംപുഷ്ടവും വചനത്തിൽ അധിഷ്ഠിതമായതും ആയിരുന്നു.

സ്ഥിരമായുള്ള ഭവന സന്ദർശനങ്ങളിൽ വളരെ വ്യത്യസ്ഥമായ ഒരു അഗസ്റ്റിൻ അച്ചനെ ശുശ്രൂഷ നിർവഹിച്ചിട്ടുള്ള ഇടവകകളിലെ ആളുകൾ ദർശിച്ചിട്ടുണ്ട്. ഇടവക ശുശ്രൂഷ നിർവഹിക്കുന്ന കാർക്കശ്യമുള്ള വികാരി അച്ചനല്ല ഭവന സന്ദർശനത്തിന് കടന്നുവരുന്ന അഗസ്റ്റിൻ അച്ചൻ. സൗഹൃദത്തോടും വീട്ടിലെ ഒരു അംഗം എന്ന സ്വാതന്ത്ര്യത്തോടും നമ്മോട് ഇടപെടുന്ന അച്ചനെ വളരെ അത്ഭുതത്തോടെ നമ്മൾ നോക്കിനിൽക്കും. പലപ്പോഴും പ്രതീക്ഷിക്കാത്ത അതിഥിയായി ആണ് അച്ചൻ ഭവനങ്ങളിലേക്ക് വരുന്നത്. എന്നിരുന്നാലും കുടുംബത്തിന്റെ കാര്യങ്ങൾ കൃത്യമായി അറിഞ്ഞ് മനസ്സിലാക്കുന്നതിനും സാഹചര്യത്തിനനുസൃതമായി ഇടപെടുന്നതിന് അച്ചന് പ്രത്യേക കഴിവുണ്ട്.

www.malankaralibrary.com

പത്തനംതിട്ട രൂപതയിലെ ശുശ്രൂഷാ കാലഘട്ടത്തിൽ വകയാർ, ആഞ്ഞിലികുന്ന്, തുമ്പമൺ, തട്ട ഇടവകകളുടേയും വികാരിയായി ശുശ്രൂഷ ചെയ്തു. അംഗങ്ങൾ കുറവുള്ള ആഞ്ഞിലികുന്ന് ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് വകയാറിലെ ശുശ്രൂഷകരേയും കൊണ്ടുപോകുമായിരുന്നു. ശുശ്രൂഷകളിൽ കർശന നിഷ്ഠയുള്ള അച്ചനോടൊപ്പം മദ്ബഹായിൽ നിൽക്കുന്നത് എല്ലാ ശുശ്രൂഷകർക്കും അൽപം പേടിയും ബുദ്ധിമുട്ടുമുള്ള കാര്യമായിരുന്നു. അതിനാൽ ആദ്യകാലങ്ങളിൽ ആഞ്ഞിലികുന്ന് ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് പോകാൻ പലപ്പോഴും വകയാറിലെ ശുശ്രൂഷകന്മാർക്ക് പേടിയായിരുന്നു. എന്നാൽ ശുശ്രൂഷകൻമാരോടുള്ള അച്ചന്റെ കരുതൽ എല്ലാ പേടിയും മാറ്റിമറിച്ചു. ആഞ്ഞിലികുന്ന് ദേവാലയത്തിലെ ശുശ്രൂഷയ്ക്ക് ശേഷം വിഭവസമൃദ്ധമായി ജ്യൂസും പലഹാരങ്ങളും ശുശ്രൂഷകന്മാർക്ക് വാങ്ങി നൽകുമായിരുന്നു. കർശന നിഷ്ഠയുള്ള അപ്പന്മാർ വീട്ടിലുള്ള മക്കളെ കരുതുന്ന പ്രതീതിയാണ് അച്ചന്റെ കരുതലിൽ ശുശ്രൂഷകൻമാർക്ക് മനസിലായത്. പിന്നീട് ആഞ്ഞിലികുന്നിൽ കുർബാനയ്ക്ക് ആരേലും വരുന്നോടാ എന്ന അച്ചന്റെ ചോദ്യത്തിന് ഞങ്ങളെല്ലാം വരുന്നു എന്നായിരുന്നു ശുശ്രൂഷകരുടെ മറുപടി.

പത്തനംതിട്ട രൂപതയിൽ കോന്നി വൈദികജില്ലയിലെ ശുശ്രൂഷകൾക്ക് ശേഷം തുമ്പമൺ ഇടവകയുടെ വികാരിയായും പത്തനംതിട്ട രൂപതയുടെ കറസ്പോണ്ടന്റായും അഗസ്റ്റിൻ അച്ചൻ ശുശ്രൂഷ തുടർന്നു. തിരുവനന്തപുരം മേജർ അതിരൂപതയുടെ കറസ്പോണ്ടന്റായി ശുശ്രൂഷ ചെയ്തതിലെ അനുഭവ സമ്പത്താണ് പുതിയതായി സ്ഥാപിതമായ പത്തനംതിട്ട രൂപതയുടെ കറസ്പോണ്ടന്റായും അച്ചനെ നിയമിക്കാൻ പിതാവിനെ പ്രേരിപ്പിച്ചത്. പ്രാരംഭ കാലത്തിലെ പരിമിതികൾ മറികടന്ന് സ്കൂളുകളുടെ ചുമതലകൾ ഭംഗിയായി നിർവഹിച്ചതിന് ശേഷം അച്ചൻ തട്ട ഇടവകയുടെ വികാരി ആയി നിയമിതനായി.

ഇടവകയിൽ ശുശ്രൂഷ ചെയ്യുമ്പോൾ ഇടവകയുടെ വിശാലമായ മുറ്റത്തും പരിസരത്തും അത്യധ്വാനം ചെയ്യുന്ന അഗസ്റ്റിൻ അച്ചനെ ഇടവകക്കാർക്കും സമീപവാസികൾക്കും ഒരിക്കലും മറക്കാൻ സാധിക്കുകയില്ല. സീതത്തോട് മേഖലയിലെ മലയോര കർഷകന്റെ എല്ലാ വീര്യവും അച്ചന്റെ അധ്വാനത്തിൽ ഉണ്ടായിരുന്നു. വിസ്തൃതമായ പള്ളിപരിസരം നന്നായി ഒരുക്കി കപ്പ, കാച്ചിൽ, ചേന, വാഴ തുടങ്ങിയ കൃഷികൾ സമൃദ്ധമായി ചെയ്യുന്നതിനും അതിനെ കൃത്യതയോടെ പരിപാലിക്കുന്നതും സാധാരണക്കാരിൽ അസാധരണ അത്ഭുതം ഉളവാക്കും. പലപ്പോഴും കൃഷിജോലികൾക്ക് സഹായികളായി എത്തുന്നവരാണ് പ്രയാസപ്പെടുന്നത്. യാതൊരു വിശ്രമവും ഇല്ലാതെ ജോലിക്കു വരുന്ന ആളേക്കാൾ കൂടുതൽ ജോലി അച്ചൻ തന്നെ ആയിരിക്കും ചെയ്യുന്നത്. ഇടവകയുടെ വിശാലമായ പറമ്പും പരിസരവും വൃത്തിയായി സൂക്ഷിക്കാൻ അച്ചൻ ചെയ്തിട്ടുള്ള ജോലികൾ ഒരാൾക്കും പകരം വയ്ക്കാൻ സാധിക്കാത്തതാണ്.


അച്ചനോടൊപ്പം സഹവികാരിമാരും ശുശ്രൂഷ ചെയ്തിരുന്നു. പൗരോഹിത്യം സ്വീകരിച്ച നവവൈദികർക്ക് അച്ചൻ നൽകിയ പരിഗണന എടുത്തു പറയേണ്ടതാണ്. വല്യച്ചന്മാരോടൊപ്പം കൊച്ചച്ചൻമാർ സ്വാതന്ത്ര്യക്കുറവ് അനുഭവിക്കുന്നതായി തോന്നിയിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കൊച്ചച്ചന്മാരെ ഇത്രയേറെ പരിഗണിക്കുന്ന ഒരു വല്യച്ചനെ നമുക്ക് അഗസ്റ്റിൻ അച്ചനിൽ കാണാൻ സാധിക്കും. കൊച്ചച്ചൻമാർക്ക് ആവശ്യമായ സ്വാതന്ത്ര്യവും അവരുടെ പരിപാടികൾക്കും ശുശ്രൂഷകൾക്കും തടസ്സം ഉണ്ടാകാതെ പരിപാടികൾ ക്രമീകരിച്ച് നൽകുന്നതിനും അച്ചൻ പ്രത്യേക പരിഗണന നൽകുമായിരുന്നു. ഞായറാഴ്ച്ചകളിലും പെരുനാളുകളിലും കൊച്ചച്ചൻമാർക്ക് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുവാൻ അവസരം നൽകുകയും ചെയ്തിരുന്നു. അഗസ്റ്റിൻ അച്ചനോടൊപ്പം പൗരോഹിത്യ ശുശ്രൂഷയുടെ ആദ്യനാളുകൾ ആരംഭിച്ച എല്ലാ വൈദികരും ഇന്ന് സഭയിൽ അറിയപ്പെടുന്ന സ്ഥാനങ്ങളിൽ ശുശ്രൂഷ നിർവഹിക്കുന്നത് അഭിമാനപൂർവം ഓർക്കുന്നു.

വിശുദ്ധനായ അഗസ്റ്റീനോസിനെപ്പോലെ സഭാശുശ്രൂഷകളിൽ വിജ്ഞാനിയും തീക്ഷ്ണമതിയുമായ പുരോഹിത ശ്രേഷ്ഠനാണ് അഗസ്റ്റിൻ അച്ചൻ എന്നത് തർക്കമില്ലാത്ത വസ്തുതയാണ്. അൽപകാര്യങ്ങളിൽ വിശ്വസ്തനായവനെ അധികകാര്യങ്ങൾ ഏൽപ്പിക്കും എന്ന കർതൃവചനം ഒരിക്കൽ കൂടി നിറവേറപ്പെടുന്നു. പൗരോഹിത്യ ശുശ്രൂഷയിൽ ദീർഘകാലം ശുശ്രൂഷ ചെയ്ത അഗസ്റ്റിൻ അച്ചനെ കോറെപ്പിസ്കോപ്പാ സ്ഥാനത്തേക്ക് സഭ ഉയർത്തുകയാണ്. അച്ചന്റെ പുതിയ സ്ഥാനലബ്ധിയിൽ സഭ ഏറെ അഭിമാനിക്കുന്നു, സന്തോഷിക്കുന്നു. ബഹുമാനപ്പെട്ട അഗസ്റ്റിൻ പുലിമുറ്റത്ത് അച്ചന് എല്ലാ പ്രാർത്ഥനാശംസകളും സന്തോഷപൂർവം നേരുന്നു.



**ജോബിൻ ഈനോസ്**
(പത്തനംതിട്ട ഭദ്രാസനം - വകയാർ ഇടവകാംഗം,
പത്തനംതിട്ട ഭദ്രാസന എം.സി.വൈ.എം. മുൻ പ്രസിഡന്റ്)

www.malankaralibrary.com



# സ്മോൾ ഈസ് ബ്യൂട്ടിഫുൾ
# റൈറ്റ്. റവ. ജോസഫ് കുരുമ്പിലേത്ത് കോറെപ്പിസ്കോപ്പ

കാരയ്ക്കാട് പള്ളിയിലെ തിരുനാൾ കുർബാന കഴിഞ്ഞ് എല്ലാവരും വീട്ടിലേക്ക് മടങ്ങിയപ്പോഴും കുഞ്ഞു ജോസഫ് മാത്രം മേടയോട് ചേർന്ന് കിടന്നിരുന്ന, ആർച്ചുബിഷപ്പിന്റെ ബെൻസ് കാറിൽ തൊട്ട് രസിച്ചു കൊണ്ടിരുന്നു. വിശ്രമത്തിനുശേഷം അരമനയിലേക്ക് മടങ്ങാൻ ഇറങ്ങിയ തിരുമേനി, കാറിനെ ചുറ്റിപ്പറ്റി നടക്കുന്ന കുഞ്ഞു ബാലനെ ശ്രദ്ധിച്ചു. അടുത്തുനിന്ന് തോപ്പിൽ അച്ചനോട് (ഫാ. അലക്സാണ്ടർ പമ്പൂരേത്ത്) ആ കുട്ടി ആരെന്ന് ചോദിച്ചറിഞ്ഞു. തിരുവനന്തപുരത്തേക്ക് എന്നോടൊപ്പം വരുന്നോ എന്ന തിരുമേനിയുടെ ചോദ്യത്തിന് അവന്റെ നിഷ്കളങ്കമായ മറുപടി കേട്ട് തിരുമേനി വാത്സല്യപൂർവ്വം തലോടി. പോകുന്ന വഴിയിൽ വീട്ടിൽ വിട്ടേക്കാം എന്ന് പറഞ്ഞപ്പോൾ ആവേശത്തോടെ തിരുമേനിയോടൊപ്പം കാറിൽ കയറി. വീടിനു മുന്നിൽ ഇറക്കി വിടുന്നതിനു മുന്നേ നെറുകയിൽ തൊട്ട് അനുഗ്രഹിച്ചു. ആ അനുഗ്രഹം ആ ബാലന്റെ ജീവിതത്തിൽ അഭിഷേകമായി. ഏതാനും വർഷത്തിനുള്ളിൽ സെമിനാരിയിൽ ചേർന്ന് വൈദികനായി. തന്നെ അനുഗ്രഹിച്ച ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ പേഴ്സണൽ സെക്രട്ടറിയുമായി. കൗതുകകരവും നാടകീയവുമായ കഥയായി തോന്നാമെങ്കിലും ജോസഫ് കുരുമ്പിലേത്ത് എന്ന വൈദികന്റെ വളർച്ച ആരംഭിക്കുന്നത് ഇവിടെ നിന്നാണ്.

മാന്തുക കാരയ്ക്കാട് പ്രദേശത്ത് 1930-ൽ തന്നെ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട ആദ്യത്തെ മൂന്ന് കുടുംബങ്ങളിൽ ഒന്നായിരുന്നു കുരുമ്പിലേത്ത് കുടുംബം. മാന്തുക യാക്കോബായ വലിയപള്ളിയിൽ ശുശ്രൂഷകനായിരുന്നു വല്യപ്പച്ചൻ. അദ്ദേഹത്തിന്റെ രണ്ടാമത്തെ പുത്രനായ കെ കെ യോഹന്നാന്റെയും തങ്കമ്മ ജോണിന്റെയും ഏഴു മക്കളിൽ മൂന്നാമനായി 1954 മാർച്ച് 19 ന് ജനനം. വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിവസം ജനിച്ച മകന് ജോസഫ് എന്ന് മാതാപിതാക്കൾ പേരിട്ടു. റവന്യൂ വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്നു പിതാവ്. മാതൃഭക്തയായ അമ്മയുടെ നിരന്തര പ്രാർത്ഥനയും സഭാതീക്ഷ്ണതയുമാണ് ജോസഫിന് ഒരു വൈദികനാകാൻ പ്രേരണയായത്. വീട്ടിലെ പ്രാർത്ഥന മുറിയുടെ ചുവരിൽ തൂക്കിയിട്ടിരുന്ന തിരുകുടുംബത്തിന്റെ ചിത്രം ആ പ്രേരണ എന്നും നിലനിർത്തി.

മാന്തുക ഗവൺമെന്റ് യു.പി സ്കൂളിൽ നിന്നും, കാരക്കാട് എസ്.എച്ച്.വി ഹൈസ്കൂളിൽ നിന്നുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി 1970-ൽ സെമിനാരിയിൽ ചേർന്നു. ഇടവകയിലെ രണ്ടു സുഹൃത്തുക്കൾക്കൊപ്പമാണ് സെമിനാരിയിൽ ചേർന്നതെങ്കിലും നിർഭാഗ്യവശാൽ മറ്റ് രണ്ടുപേരും പിന്മാറി.

മൂന്നുവർഷം തിരുവനന്തപുരം സെന്റ് അലോഷ്യസ് സെമിനാരിയിൽ പഠനം. തുടർന്ന് ഉത്തർപ്രദേശിലെ അലഹബാദ് പേപ്പൽ സെമിനാരിയിൽ നിന്നും തത്വശാസ്ത്രവും ദൈവശാസ്ത്രവും പൂർത്തിയാക്കി. ഇതേകാലയളവിൽ അലഹബാദ് യൂണിവേഴ്സിറ്റിയിൽ നിന്നും ഹിന്ദുസ്ഥാനി സംഗീതത്തിലും ഹിന്ദിയിലും പോസ്റ്റ് ഗ്രാജുവേഷൻ കരസ്ഥമാക്കി.

| | |
|---|---|
| Name | **Rt. Rev. Joseph Kurumpileth Cor-Episcopa** |
| Name of Father | K.K. Yohannan |
| Name of Mother | Thankamma John |
| Date of Birth | March 19, 1954 |
| Date of Ordination | March 27,1980 |

***Parish Served & Period of Service***

1. Attoor, Arumana, Chitharal, Charoor, Mathurkonam new station started(1980-82)
2. Sooranad, Poruvazhy, Pavumba (1982-83)
3. Bhopal, Bhilai, New Church Started (1985-96)
4. Puthenpeedika, Prakanam, Cheekanal (1996-99)
5. Enath, Pthuseribhagam, Manchadimukk, Kizhakkupuram (1999-2000)
6. Kuravankonam, Peroorkada (2000-03)
7. New Rochelle, USA (2003-2004)
8. Venmony, Kodukulanji (2004-07)
9. Pandalam,(2007)
10. Adoor, Parakod (2007-2010)
11. Thumpamon, Kurampala, Kaipattoor (2011 - 2014)
12. Vakayar, Anjilikunnu, Kokkathodu, Kallelithottam, Murinjakal (2014 - 2017)
13. Vadasserikkara(2019-2023)

***Institution/Department served and period of Service***

1. Secretary to Archbishop Mar Gregorios (1983-84)
2. Manager, St. Thomas Convent School, Bhopal (1986-96)
3. Asst. Cathechism Director (1996-99)
4. Catechism Director (2000-03)
5. Correspondent MSC School Pathanamthitta (2010 - 2013)
6. District Vicar, Konni (2014 -2017)
7. Vicar General, Pathanamthitta Doicese (2017 - July 2019)
8. District Vicar, Ranni - Perunad (2019 -2023)

www.malankaralibrary.com

സെമിനാരി പഠനം വിജയകരമായി പൂർത്തിയാക്കി 1980 മാർച്ച് 27-ന് പത്തനംതിട്ട സെൻറ് പീറ്റേഴ്സ് ദേവാലയത്തിൽ വച്ച് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. മാതൃ ഇടവകയായ കാരയ്ക്കാട് സെന്റ് ജോസഫ് കത്തോലിക്കാ പള്ളിയിൽ മാർച്ച് 29-ന് ആദ്യ ബലിയർപ്പണം നടത്തി. തുടർന്ന് ഇന്നത്തെ മാർത്താണ്ഡം രൂപതയുടെ ഭാഗമായ നാല് മിഷൻ പള്ളികളിൽ സഹവികാരിയായി സ്ഥാനമേറ്റു. 58 കുടുംബങ്ങളെ ചേർത്ത് മാത്തൂർകോണം മിഷൻ ഇടവക സ്ഥാപിക്കുന്നതും ഈ കാലയളവിലാണ്.

1982- ൽ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സെക്രട്ടറിയായി നിയമിതനായി. രണ്ടുവർഷക്കാലം അദ്ദേഹത്തിന്റെ സന്തതസഹചാരിയായുള്ള പ്രവർത്തനം ജോസഫ് അച്ചനെ രൂപപ്പെടുത്തി. സഭാപ്രവർത്തനങ്ങളിലെ വിവിധ തലങ്ങൾ ഒരുപോലെ അടുത്തുനിന്ന് പഠിച്ചെടുക്കുവാൻ ഈ നാളുകൾ ഉപകാരപ്പെട്ടു. 1984-ൽ പുതിയ ഉദ്യമവുമായി അഭിവന്ദ്യ പിതാവ് ഭോപ്പാലിലേക്ക് അയച്ചു. ജോലിസംബന്ധമായി ഉത്തരേന്ത്യയിൽ കഴിയുന്ന സഭാംഗങ്ങളെ ഒത്തുകൂട്ടുന്നതിനും ക്രിസ്തു സ്നേഹം തിരിച്ചറിയാത്ത ഒരു ജനതയെ സഭയിലേക്ക് ആകർഷിക്കുന്നതിനുമായി ഭോപ്പാൽ കേന്ദ്രീകരിച്ച് അച്ചന്റെ നേതൃത്വത്തിൽ ഒരു മിഷൻ കേന്ദ്രം ആരംഭിച്ചു. ഉത്തരേന്ത്യയിലെ മലങ്കര സഭയുടെ ആദ്യത്തെ മിഷൻ കേന്ദ്രമായിരുന്നു ഭോപ്പാൽ. 12 വർഷത്തെ അച്ചന്റെ കഠിനപ്രയത്നം കൊണ്ടാണ് ഭോപ്പാൽ, ഭിലായി മേഖലകൾ ഇന്നു കാണുന്ന വലിയ സഭാ കേന്ദ്രങ്ങളായി മാറിയത്. വാടകവീട്ടിൽ തുടങ്ങിയ പ്രവർത്തനം ഇന്ന് നിരവധി സ്കൂളുകളും കോളേജുകളും കോൺവെന്റുകളും അനവധി ഇടവകകളുമായി വളർന്നു പന്തലിച്ചു എന്ന് പറയുമ്പോൾ അച്ചന്റെ കണ്ണുകളിലെ തിളക്കം കാണാമായിരുന്നു. ഈ കാലയളവിൽ ബാഹ്യ കേരള മിഷൻ കോർഡിനേറ്റർ ആയി നിരവധി വർഷം അദ്ദേഹം പ്രവർത്തിച്ചു.

1996-ൽ കേരളത്തിലേക്ക് മടങ്ങിയ അച്ചൻ തിരുവനന്തപുരം അതിരൂപത സൺഡേസ്കൂൾ അസിസ്റ്റൻറ് ഡയറക്ടർ, ഡയറക്ടർ സ്ഥാനങ്ങളിൽ പ്രവർത്തിച്ചു. മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ തനതായ സൺഡേസ്കൂൾ പാഠപുസ്തകം 2002-ൽ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് മെത്രാപ്പോലീത്തായുടെ (ഫാ. ആന്റണി കാക്കനാട്ട്) നേതൃത്വത്തിലും വിവിധ രൂപതാ സൺഡേസ്കൂൾ ഡയറക്ടർമാരുടെ സഹായത്തോടെയും ക്രമീകരിച്ചു.

അന്നത്തെ അപ്പസ്തോലിക് വിസിറ്റേറ്ററായിരുന്ന ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാബാവ തിരുമേനിയുടെ നിർബന്ധപ്രകാരം അമേരിക്കൻ ഐക്യനാടുകളിൽ സഭാ പ്രവർത്തനങ്ങൾക്കായി പോയി. 2005-ൽ തിരിച്ചു വരുന്നതുവരെ ന്യൂയോർക്ക് ഇടവക വികാരിയായിരുന്നു. അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ അച്ചൻ, 2005 മാർച്ചിൽ മാതൃ ഇടവകയിൽ വെച്ച് പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ചു.

പത്തനംതിട്ട രൂപതയ്ക്ക് തുടക്കം കുറിച്ചപ്പോൾ സ്കൂൾ കറസ്പോണ്ടന്റായി നിയമിതനായി. 2016-ൽ പത്തനംതിട്ട രൂപതയുടെ വികാരി ജനറാൾ ആയി ഉയർത്തപ്പെട്ടു. മൂന്നുവർഷക്കാലം വികാരി ജനറാളായി രൂപതയുടെ വളർച്ചയ്ക്ക് കർമനിരതമായ നേതൃത്വം നൽകി. 43 വർഷത്തെ വൈദിക ജീവിതത്തിൽ തിരുവനന്തപുരം, പാറശാല, മാർത്താണ്ഡം, മാവേലിക്കര, പത്തനംതിട്ട, ഡൽഹി ഗുഡ്ഗാവ്, യു.എസ്.എ എന്നീ രൂപതകളിലായി 35 ഓളം ഇടവകകളിൽ വികാരിയായി അച്ചൻ സേവനമനുഷ്ഠിച്ചു. അടൂർ, കോന്നി, റാന്നി-പെരുനാട് വൈദിക ജില്ലകളുടെ ജില്ലാ വികാരിയായും ശുശ്രൂഷ ചെയ്തു. 1993 മുതൽ അച്ചന്റെ നേതൃത്വത്തിൽ 50-ൽ അധികം സംഘങ്ങൾക്ക് വിശുദ്ധനാട് സന്ദർശിക്കാനുള്ള ക്രമീകരണം ചെയ്യാൻ ദൈവം കൃപ നൽകി.

ലളിതവും സുന്ദരവുമായ നാല് പതിറ്റാണ്ടുകൾ നീണ്ട ശുശ്രൂഷകൾക്കുള്ള അംഗീകാരമാണ് കോറെപ്പിസ്കോപ്പാ സ്ഥാനം. സ്ഥാനമാനങ്ങൾക്കപ്പുറം സ്നേഹം കൊണ്ട് കെട്ടിപ്പടുത്ത ഒരു വലിയ ലോകം അച്ചൻ ഇതിനോടകം സമ്പാദിച്ചിട്ടുണ്ട്. ശുശ്രൂഷ ചെയ്ത പള്ളികളിലെ വിശ്വാസ സമൂഹവുമായി നിഷ്കളങ്കമായ സ്നേഹബന്ധം കാത്തുസൂക്ഷിക്കുന്ന അച്ചൻ, അവരെ പേരെടുത്ത് വിളിക്കാൻ തക്കവിധത്തിലുള്ള അടുപ്പം സൂക്ഷിക്കുന്നുണ്ട്. സമ്പത്തിന്റെയോ സ്ഥാനമാനങ്ങളുടെയോ വലുപ്പച്ചെറുപ്പ ഭേദമില്ലാതെ എല്ലാവരേയും അദ്ദേഹം കരുതിയിരുന്നു. ഉണ്ടാക്കിയ സ്ഥാപനങ്ങളെക്കാൾ, പണികഴിപ്പിച്ച ദേവാലയങ്ങളെക്കാൾ ബന്ധങ്ങൾക്ക് അദ്ദേഹം വില കൽപ്പിക്കുന്നുണ്ട്. ഒട്ടനവധി വലിയ ഉത്തരവാദിത്തങ്ങൾ തേടി വന്നപ്പോഴും വിനയത്തോടെ അതിൽ നിന്ന് മാറി നിൽക്കാനാണ് അദ്ദേഹം ശ്രമിച്ചിട്ടുള്ളത്. അമേരിക്കയിൽ അധികകാലം നിൽക്കാൻ അവസരമുണ്ടായിട്ടും എന്തേ അച്ചൻ വേഗം മടങ്ങിയത് എന്ന് ചോദിച്ചപ്പോൾ പൗരോഹിത്യ ജീവിതത്തിലെ സംതൃപ്തി എന്റെ കൊച്ചു നാട്ടിലാണ് എനിക്ക് ലഭിക്കുന്നത് എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

അച്ചന് എല്ലാ നന്മകളും പ്രാർത്ഥനാപൂർവ്വം നേരുന്നു.



**അജിൻ ചാക്കോ**

(പത്തനംതിട്ട ഭദ്രാസനം - കാരയ്ക്കാട് ഇടവകാംഗം,
തിരുവനന്തപുരം അതിരൂപത എം.സി.വൈ.എം. മുൻ പ്രസിഡന്റ്)

www.malankaralibrary.com

# പൊന്നമ്പിൽ പിറന്ന് തൊട്ടതെല്ലാം പൊന്നാക്കിയ ജോൺ തുണ്ടിയത്ത് കോറെപ്പിസ്കോപ്പ



| | |
|---|---|
| Name | **Rt. Rev. John Thundiyath Cor-Episcopa** |
| Name of Fathe | Mathai Daniel |
| Name of Mother | Mariamma |
| Date of Birth | April 30, 1960 |
| Date of Ordination | December 22,1985 |

***Parish Served & Period of Service***

1. Kanchiyode, Vettikuzhy, Sivalokam. Ganapathykal (1986 -1990)
2. Seethathode, Vayyattupuzha, Gurunathanmannu, Chittar, Maniyar, Pampini (1990)
3. Malayinkeezhu, Poovachal, Ponneduthukuzhy (1994)
4. Pothencode, Manjumala, Vengoodu, Vellanikal, Arasammodu, Koliyakodu (1996)
5. Chicago (USA, 2002)
6. Balaramapuram, Thengalakonam, Kottarakonam (2003)
7. Adoor, Parakkode (2005)
8. Chenthipoor (2006)
9. St. Peter's Cathedral, Pathanamthitta (2010 - 2013)
10. Mylapra, Marygiri, Thonniyamala (2013 - 2017)
11. Vicar and Coordinator, KMRM and Asst. Vicar, Holy Family Cathedral Church Kuwait (2019 -

***Institution/Department Served and period of Service***

1. Kanchiyodu, St. Aloysius Estate (1986 - 1990)
2. MCYM Diocesan Asst. Director (1994)
3. MCYM Archdiocesan Director (1996-2000)
4. Higher Studies, Rome (2000 - 2003)
5. Bursar, Mar Baselios Engineering College, Trivandrum (2007-2010)
6. Priests welfare fund President (2005-2010)
7. MCA National Director (2011)
8. Synodal Secratary of Priests (2011)
9. Chief Vicar General, Diocese of Pathanamthitta (2017 - 2019)

വ്യത്യസ്ത അദ്ധ്യാത്മിക പാരമ്പര്യങ്ങളുടെ സംഗമഭൂമിയായ പത്തനംതിട്ടയ്ക്ക് തിലകക്കുറിയായി നാല് കോറെപ്പിസ്കോപ്പാമാർ അഭിഷിക്തരാകുന്നു. നാലു പേരിലൊരാളായി മോനിയച്ചൻ എന്ന് വിളിക്കുന്ന ഫാ.ജോൺ തുണ്ടിയത്ത് മലങ്കര കത്തോലിക്കാ സഭയുടെ കോറെപ്പിസ്കോപ്പ പദവിയിൽ അഭിഷിക്തനാകുന്നു. 1960 ഏപ്രിൽ 30 ന് പൊന്നമ്പ് കിഴക്കുപുറം തുണ്ടിയത്ത് വീട്ടിൽ മത്തായി ഡാനിയേലിന്റേയും മറിയാമ്മയുടേയും ഏറ്റവും ഇളയ മകനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം കിഴക്കുപുറം ഗവൺമെന്റ് എൽ.പി.എസിൽ നിന്ന് ആരംഭിച്ച് അട്ടച്ചാക്കൽ സെന്റ് ജോർജ്ജ് സ്കൂളിലുമായി പൂർത്തിയാക്കി. വൈദികനാകുക എന്ന വലിയ ആഗ്രഹത്തിന്റെ സഫലീകരണത്തിനായി തിരുവനന്തപുരം പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. ദൈവശാസ്ത്രവും, തത്വശാസ്ത്രവും ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് പൂർത്തീകരിച്ച് ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്ന് വൈദികനായി അഭിഷിക്തനായി. സെമിനാരിയിലെ സഹപാഠിയായ തിരുവനന്തപുരം അതിരൂപതാ വികാരി ജനറാൾ ഡോ. വർക്കി ആറ്റുപുറത്തച്ചനും കോറെപ്പിസ്കോപ്പയായി ഉയർത്തപ്പെടുന്നു. മൂവാറ്റുപ്പുഴ രൂപതയുടെ ഇടയനായ അഭിവന്ദ്യ തെയഡോഷ്യസ് തിരുമേനിയും ഉൾപ്പെടെ 3 പേരും ഒരേ ദിവസം സെമിനാരിയിൽ ചേർന്ന് ഒരേ ദിവസം വൈദികരായവരാണ്. പ്രഥമ ശുശ്രൂഷാവേദി ആയൂർ പള്ളിയിൽ. പിന്നീട് സീതത്തോട്, നെയ്യാറ്റിൻകര, പോത്തൻകോട്, അടൂർ, മൈലപ്ര, പത്തനംതിട്ട, അമേരിക്ക- ഷിക്കാഗോ എന്നീ സ്ഥലങ്ങളിലെ ദൈവജനത്തിന് വേണ്ടി ശുശ്രൂഷകൾ ഉത്തരവാദിത്തപൂർവ്വം നടത്തി. ഇപ്പോൾ ഗൾഫ് മേഖലയുടെ കോർഡിനേറ്ററായി പ്രവർത്തിക്കുന്നു.

അച്ചനെ അടുത്തറിയുന്നത് സീതത്തോട് പള്ളിയിൽ വികാരിയായി പ്രവർത്തിക്കുമ്പോഴാണ്. വലിയ പിന്തുണയും പ്രോത്സാഹനവും അന്ന് മുതൽ അച്ചൻ നൽകിയിരുന്നു. ആ കാലത്ത് അച്ചനെ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് എം.സി.വൈ.എം. ജോയിന്റ് ഡയറക്ടറായി നിയമിച്ചു. അച്ചനെക്കാൾ ജൂനിയറായ ഇപ്പോൾ റമ്പാനായ ഫാ.ഗീവർഗീസ് നെടിയത്ത് അച്ചനൊപ്പമായിരുന്നു എങ്കിലും യാതൊരു മടിയും കൂടാതെ യുവജനപ്രവർത്തനത്തിന് നേതൃത്വം നൽകി. ഒരു വർഷം കഴിഞ്ഞപ്പോൾ അച്ചൻ എം.സി.വൈ.എം. ഭാരവാഹിത്തം ഒഴിഞ്ഞ് മറ്റ് വൈദികർക്ക് അവസരം നൽകി. സഭയുടെ ഭരണസാരഥ്യം അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്ത ഏറ്റെടുത്തപ്പോൾ നെടിയത്തച്ചനെ പ്രൊക്യുറേറ്ററായി നിയമിച്ചു. കുറെക്കാലം എം.സി.വൈ.എം.ന് വൈദിക നേതൃത്വം ഇല്ലായിരുന്നു. ചില പ്രതിസന്ധികൾ നേതൃത്വത്തിൽ ഉണ്ടാകുകയും പ്രസ്ഥാനം നിർജ്ജീവാവസ്ഥയിലേക്ക് മാറുകയും ചെയ്തിരുന്നു. അന്ന് യുവജനനേതാക്കളായ ഞങ്ങളെ അഭിവന്ദ്യ പിതാവ് വിളിച്ചുകൂട്ടി അഭിപ്രായങ്ങൾ ആരാഞ്ഞപ്പോൾ ഞങ്ങളിൽ മിക്കവർക്കും ഒരു സ്വരം മാത്രമായിരുന്നു. സീതത്തോട് വികാരി മോനിയച്ചനെ ഡയറക്ടർ ആക്കണം. പിതാവ് അത് മനസിലാക്കി അച്ചനെ 1996- ൽ ഡയറക്ടറായി നിയമിച്ചത് എം.സി. വൈ.എം.ന്റെ സുവർണ്ണകാലഘട്ടത്തിലേക്കായിരുന്നു. പിന്നീട് ഇങ്ങോട്ട് എം.സി.വൈ.എം. വളർച്ചയുടെ പടവുകൾ അതിശീഘ്രം ഓടി കയറുകയായിരുന്നു. ആധുനിക രീതിയിലുള്ള പ്രവർത്തനങ്ങളും ക്രമീകരണങ്ങളും പുതുമയാർന്ന കർമ്മ പരിപാടികളും യുവജനങ്ങളെ എം.സി.വൈ.എം. ലേക്ക് ആകർഷിച്ചു. എല്ലാ ഇടവകകളിലും പ്രസ്ഥാനം സജീവമാക്കാൻ ആ കാലഘട്ടത്തിൽ കഴിഞ്ഞു എന്നതാണ് എടുത്തു പറയേണ്ടത്.

ആഗോള കത്തോലിക്കാ യുവജനപ്രസ്ഥാനമായ 'മിജാർക്കി'ന്റെ ലോക അസംബ്ലിക്ക് നേതൃത്വം നൽകുക എന്നതായിരുന്നു ആദ്യത്തെ ദൗത്യം. മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള പ്രധാന പദയാത്ര പെരുനാട്ടിൽ നിന്ന് ആരംഭിക്കുന്നതോടൊപ്പം എല്ലാ ജില്ലകളിൽ നിന്നും പദയാത്ര തുടങ്ങാനും കഴിഞ്ഞു. തമിഴ്നാട്ടിലും കേരളത്തിലുമുള്ള ഇന്നത്തെ

www.malankaralibrary.com

അഞ്ച് രൂപതകളിലായി പരന്ന് കിടക്കുന്ന അവിഭക്ത തിരുവനന്തപുരം അതിരൂപതയുടെ എല്ലാ ഇടവകകളിലും കടന്ന് ചെല്ലാൻ അച്ചന് കഴിഞ്ഞു. പ്രത്യേകിച്ച് തെക്കൻ മേഖലകളിൽ പ്രസ്ഥാനത്തിന് നല്ലവണ്ണം വേരോട്ടം ഉണ്ടായത് അച്ചന്റെ ശ്രമഫലമായിട്ടാണ്.

മാർത്താണ്ഡം രൂപതയുടെ പ്രഥമ ഇടയൻ ലോറൻസ് മാർ അപ്രേം പിതാവിന്റെ അപ്രതീക്ഷിത വേർപാട് ശൈശവദിശയിലായിരുന്ന രൂപതക്കേൽപ്പിച്ച ആഘാതം വളരെ വലുതായിരുന്നു. തുടർന്ന് രൂപതാധ്യക്ഷനായ യൂഹാനോൻ ക്രിസോസ്റ്റം പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങുകൾക്കും തുടർന്ന് രൂപതയുടെ പ്രവർത്തനങ്ങൾക്കും യുവജനങ്ങളുടെ കരുത്തുളള കരങ്ങളെ നയിച്ചത് തുണ്ടിയത്ത് അച്ചന്റെ ഇടപെടലായിരുന്നു. ജോഷ്വാ പിതാവിന്റെയും ക്രിസോസ്റ്റം പിതാവിന്റെയും മെത്രാഭിഷേക ശുശ്രൂഷകൾ തിരുവനന്തപുരത്ത് മാർ ഈവാനിയോസ് കോളേജ് ഗ്രൗണ്ടിൽ നടക്കുമ്പോൾ അതിന്റെ പ്രധാന ചുമതല വഹിച്ചത് അച്ചനായിരുന്നു.

യുവജനസഭയുടെ ചരിത്രത്തിലെ പ്രാധാന്യം നിറഞ്ഞ പരിപാടിയായി മൈലപ്രയിലെ പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് യൂത്ത് കൺവൻഷൻ നടത്തിയത് അച്ചന്റെ ക്രിയാത്മകമായ നേതൃത്വത്താലാണ്. എം.സി.വൈ.എം.നെ കാര്യങ്ങൾ ഏൽപ്പിച്ചാൽ ഉത്തരവാദിത്വത്തോടെ നടക്കും എന്ന് ബോധ്യപ്പെടുത്താൻ കഴിഞ്ഞത് ഈ കാലഘട്ടത്തിലായിരുന്നു. 1997ൽ എം.സി.വൈ.എം.ന്റെ രജത ജൂബിലി ആഘോഷങ്ങൾ തിരുവനന്തപുരത്ത് വർണ്ണശബളമായി നടത്തിയത് അച്ചൻ ഡയറക്ടർ ആയിരുന്നപ്പോഴാണ്. പട്ടത്തു നിന്ന് പാളയത്തേക്കുള്ള യുവജന റാലിയും തുടർന്ന് യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ നടന്ന പൊതുസമ്മേളനവും അവിസ്മരണീയമാണ്.

1998-ൽ മഹാജൂബിലി ഒരുക്കത്തിനായി സംഘടിപ്പിച്ച സുവിശേഷ പ്രഘോഷണ യാത്ര 500 ഓളം ഇടവകകളിലൂടെ 16 ദിവസം നീണ്ടുനിന്നു. തെരുവ് നാടകം, പ്രസംഗങ്ങൾ, കലാപരിപാടികൾ ഇവ അടങ്ങുന്ന യാത്രയ്ക്ക് അഭിവന്ദ്യ ഐറേനിയോസ് തിരുമേനി (കാട്ടുകല്ലിൽ അച്ചൻ) ആയിരുന്നു. കോ-ഓർഡിനേറ്റർ ആയി പ്രവർത്തിച്ചത്. 1999 ഡിസംബർ 30, 31, 2000 ജനുവരി 1 തീയതികളിൽ നടന്ന ക്രിസ്തു ജയന്തി മഹാജൂബിലിയുടെ ഭാഗമായ 'ബേത്ലഹേം 2000' യുവജനസംഗമം സഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പരിപാടിയായിരുന്നു. എല്ലാ ജില്ലകളിലെയും നേതൃത്വത്തെ ചേർത്ത് പിടിക്കാൻ സാധിച്ചത് വളരെ വിജയകരമായിരുന്നു. പാളയം മുതൽ പട്ടം വരെ പതിനായിരങ്ങൾ പങ്കെടുത്ത വലിയ റാലി പറഞ്ഞറിയിക്കാൻ കഴിയാത്തവണ്ണം സംഘടനാ മികവേറിയതായിരുന്നു. അതിന് വലിയ പിന്തുണ നൽകിയ വർക്കി ആറ്റുപുറത്ത് അച്ചനും സെബാസ്റ്റ്യൻ ആമ്പശ്ശേരി അച്ചനുമൊക്കെ ഇന്ന് കോറെപ്പിസ്കോപ്പാമാരാകുന്നു എന്നത് എടുത്തു പറയേണ്ടതാണ്. യുവജന ശുശ്രൂഷാവേദിയിലെ സ്തുത്യർഹമായ സേവനങ്ങൾക്ക് അംഗീകാരമെന്നവണ്ണം അച്ചനെ സിറിൽ തിരുമേനി റോമിൽ ഹോളിക്രോസ് യൂണിവേഴ്സിറ്റിയിൽ ഉപരി പഠനത്തിനായി അയച്ചു.

പഠനത്തിനു ശേഷം അമേരിക്കയിൽ സേവനം ചെയ്തു. തിരിച്ചു വന്നതിനു ശേഷം സഭയുടെ വിദ്യാഭ്യാസ സ്ഥാപനമായ മാർ ബസേലിയോസ് എൻജിനീയറിംഗ് കോളജിന്റെ ചുമതല ഏൽപ്പിച്ചു. സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ തുടക്കകാലത്തെ പ്രക്ഷുബ്ധതകളെ ക്രിയാത്മകമായി നേരിടാനും കോളേജിനെ ഉന്നതിയിലേക്ക് വളർത്താനും സാധിച്ചു.

അത്മായ ശുശ്രൂഷയിലെ അച്ചന്റെ വൈദഗ്ധ്യം തിരിച്ചറിഞ്ഞ് ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ അച്ചനെ എം.സി.എ. സഭാതല ആത്മീയ ഉപദേഷ്ടാവ് സ്ഥാനം ഭരമേൽപ്പിച്ചു. 2010-ൽ പത്തനംതിട്ട രൂപത നിലവിൽ വന്നപ്പോൾ പത്തനംതിട്ട പ്രദേശത്തെ ശുശ്രൂഷകൾക്കായി അച്ചൻ കടന്നുവന്നു. പൗരോഹിത്യ ജീവിതത്തിലേക്ക് കടന്നുവരാൻ അച്ചന് പ്രചോദനമായത് ബന്ധുകൂടിയായ പത്തനംതിട്ട ഭദ്രാസന പ്രഥമ ഇടയൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെ പ്രവർത്തനങ്ങൾ ആയിരുന്നു. പത്തനംതിട്ട കത്തീഡ്രൽ, മൈലപ്രാ എന്നിവിടങ്ങളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. മൈലപ്ര എസ്. എച്ച്. സ്കൂളിനോട് അനുബന്ധിച്ച് ഹയർ സെക്കൻഡറി ആരംഭിക്കാൻ ഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിച്ചത് ഈ കാലത്താണ്. സ്കൂളിലെ കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനും അതിന് നേതൃത്വം നൽകാനും അച്ചനായി.

പത്തനംതിട്ട രൂപതയുടെ വികാരി ജനറാൾ എന്ന നിലയിൽ അഭിവന്ദ്യ പിതാവിനോട് ചേർന്ന് ക്രിയാത്മകമായ ഇടപെടലുകളും അനുഭവസമ്പത്തിൽ നിന്ന് ഉരുത്തിരിഞ്ഞ മാർഗ്ഗനിർദ്ദേശങ്ങളും നൽകി രൂപതയുടെ മുന്നോട്ടുള്ള വളർച്ചയിൽ സ്തുത്യർഹമായ പങ്ക് നിർവ്വഹിച്ചു. പുതിയ തലമുറയെ കൈപിടിച്ച് ഉയർത്താനുള്ള വിശാലവീക്ഷണവും തനിക്ക് ഉള്ളത് മറ്റുള്ളവർക്കുവേണ്ടി വ്യയം ചെയ്യാനുള്ള കഴിവും അച്ചനിൽ കാണാൻ സാധിച്ചിട്ടുണ്ട്. ധാരാളം ചെറുപ്പക്കാർക്ക് വിദേശത്ത് പോകാനും ജീവിത സന്ധാരണത്തിന് ആവശ്യമായ മാർഗ്ഗങ്ങൾ കണ്ടെത്താനും അച്ചന്റെ ഇടപെടലുകളിലൂടെ സാധിച്ചു. താനായിരിക്കുന്ന ഇടങ്ങളിലെല്ലാം അത് മിഷൻ മേഖലകളിലോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ അമേരിക്കൻ ഐക്യ നാടുകളിലേയോ ഗൾഫ് മേഖലയിലേയോ ശുശ്രൂഷാവേദികളോ എന്തുതന്നെയും ആകട്ടെ തന്നെ സഭ ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ വിശ്വസ്തപൂർവ്വം നിർവ്വഹിക്കുവാനും ബാലികാ-ബാലന്മാരേയും യുവജനങ്ങളേയും മതാപിതാക്കളേയും ഒന്നടങ്കം സഭയോട് ചേർത്ത് നിർത്തുവാനും മലങ്കര സുറിയാനി കത്തോലിക്കാ സഭയെന്ന വികാരം അവരിലേക്ക് സന്നിവേശിപ്പിക്കുവാനും അച്ചന്റെ പ്രവർത്തനങ്ങളൂടെ ഇടയാകുന്നു. പുതിയ സ്ഥാനലബ്ധിയിലൂടെ പൗരോഹിത്യത്തിന്റെ ദർശനങ്ങൾ കൂടുതൽ ഉന്നതമാനങ്ങളിൽ എത്തിക്കാൻ അച്ചന് കഴിയട്ടെയെന്ന് ആശംസിക്കുന്നു.



**ലിജു ജോർജ്ജ്**
(പത്തനംതിട്ട ഭദ്രാസനം - വടശ്ശേരിക്കര ഇടവകാംഗം,
തിരുവനന്തപുരം അതിരൂപതാ എം.സി.വൈ.എം. മുൻ പ്രസിഡന്റ്
കെ.സി.വൈ.എം. മുൻ സംസ്ഥാന പ്രസിഡന്റ്
പത്തനംതിട്ട ഭദ്രാസന പാസ്റ്ററൽ കൗൺസിൽ മുൻ സെക്രട്ടറി)



www.malankaralibrary.com

# സൗമന്യം ശാന്തശീലനുമായ വന്ദ്യ സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ കോറെപ്പിസ്കോപ്പാ

| | |
|---|---|
| Name | **Rt. Rev. Sebastian Ambasseril Cor-Episcopa** |
| Name of Father | Rev. Fr. Thomas Ambasseril |
| Name of Mother | Rachel Thomas |
| Date of Birth | May 18, 1964 |
| Date of Ordination | December 21,1990 |

***Parish Served & Period of Service***

1. Asst. Vicar, S. H. Malankara Catholic Church, Mylapra (1991)
2. St. Joseph Church Elamanoor, Maruthimoodu (1992)
3. St. Mary's Church, Kattakada (1993)
4. St. Mary's Church Chittar, Maniyar, Pampini (1995)
5. St. Mary's Church Urukkunnu, Edamon, Ottakal, Ariyakavu (1996)
6. St. Mary's Church, Amburi, Pantha (2001)
7. St. Mary's Church, Vayalathala, Keekozhoor, Thottamon, Uthimoodu (2001)
8. Kallayam, Kavadithala (2006)
9. St. Mary's & St. George Church, Chandanappally, Angadikal (2008 -2010)
10. St. George, Attarikom
11. St. Mary's Mangattukonam, Keerikuzhy, (2012-2017)
13. St. Mary's Ullannoor, Mezhuvely East (2017 -)

***Institution/Department served and period of Service***

1. St. Aloysius Minor Seminary (2006-2008), Vice Rector and Spiritual Father)
2. Rector, St. Thomas Minor seminary, Pathanamthitta, (2010-2012)
3. Spiritual Father, Malankara Major Seminary, Trivandrum, (2012-17)

പുനരൈക്യ പ്രസ്ഥാനത്തിന്റെ പിള്ളതൊട്ടിൽ എന്ന് വിശേഷിപ്പിക്കുന്ന പുത്തൻപീടിക ഇടവക സമൂഹം 1936-ൽ ഗീവർഗ്ഗീസ് പീടികയിൽ കശ്ശീശയുടെ നേതൃത്വത്തിൽ പുനരൈക്യപ്പെട്ടതും അനേകം ദൈവവിളികളാൽ സമ്പന്നവുമാണ്. പുത്തൻപീടികയിൽ ആമ്പശ്ശേരിൽ കുടുംബത്തിൽ തോമസ് കശ്ശീശയുടെയും റെയ്ച്ചൽ തോമസിന്റെയും 7 മക്കളിൽ ഇളയമകനായി 1964 മെയ് മാസം 18 -ാം തീയതി ജനിച്ചു. ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്നും സെബാസ്റ്റ്യൻ എന്ന പേരിൽ മാമോദീസാസ്വീകരിച്ചു.

പുനരൈക്യ പ്രസ്ഥാനത്തിലൂടെ കടന്നുവന്ന് പുത്തൻപീടിക ഇടവകയുടേയും പരിസര പ്രദേശങ്ങളിലെയും വികാരിയായി സ്തുത്യർഹമായി ശുശ്രൂഷ ചെയ്തുവരവെ ദൈവസന്നിധിയിലേക്ക് സ്വപിതാവായ തോമസ് അച്ചൻ യാത്രയായി. ബാല്യത്തിൽ തന്നെ സ്വപിതാവിനെ നഷ്ടമായെങ്കിലും കുടുംബാംഗങ്ങളിൽ നിന്നും ബന്ധുക്കളിൽ നിന്നും ശ്രേഷ്ഠമായ ആ ജീവിതത്തെക്കുറിച്ചറിഞ്ഞ് അനുഗ്രഹീതമായ ആ പാതപിൻതുടർന്ന് വൈദികൻ ആകണമെന്ന മോഹമുദിച്ചു. പ്രാഥമികവിദ്യാഭ്യാസം പുത്തൻപീടിക എം.എസ്.സി. എൽ.പി. സ്കൂളിലും, പത്തനംതിട്ട കാതോലിക്കേറ്റ് ഹയർ സെക്കൻഡറി സ്കൂളിലും നടത്തി. പത്താം ക്ലാസ് പഠനം പൂർത്തിയാക്കി സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ പ്രവേശിച്ചു.

ജോഷ്വാ പീടികയിൽ കോറെപ്പിസ്കോപ്പാ, ജോർജ്ജ് ജേക്കബ് കോറെപ്പിസ്കോപ്പാ, ലൂയീസ് പീലിപ്പോസ് അച്ചൻ. ജോസിയച്ചൻ, പി.റ്റി. ജോർജ്ജ് അച്ചൻ, ഡാമിയൻ ഒ.ഐ.സി. എന്നിവർ അച്ചന്റെ ദൈവവിളിയെ സ്വാധീനിച്ച ദേശത്ത് പട്ടക്കാരാണ്. ഫാ. സഖറിയാസ് പുഷ്പവിലാസം, ഫാ. സ്കറിയാ കൊച്ചുമുരുപ്പേൽ, ജിമ്മിയച്ചൻ, രജു അച്ചൻ, റോബിൻ തൈക്കൂട്ടത്തിൽ അച്ചൻ എന്നിവരുടെ ദൈവവിളിയ്ക്ക് പ്രോത്സാഹനം നൽകിയത് വന്ദ്യ സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ കോറെപ്പിസ്കോപ്പയുടെ പ്രേഷിത ജീവിതമാണ്.

1990 ഡിസംബർ 21-ാം തീയതി പുത്തൻപീടിക ദൈവാലയത്തിൽ വച്ച് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ തൃകൈയ്യാൽ വൈദികപട്ടം സ്വീകരിച്ചു. മൈലപ്ര തിരുഹൃദയ മലങ്കര കത്തോലിക്കാ ഇടവകയുടെ സഹവികാരിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു.

www.malankaralibrary.com

**ശുശ്രൂഷ ചെയ്ത ഇടവകകൾ**

ഇളമണ്ണൂർ, മരുതിമൂട്, ഇടത്തറ, പാറശ്ശാല രൂപതയിലെ കാട്ടാക്കട, പന്ത, അരുവിക്കുഴി, മൈലക്കര, കല്ലാമം, കാനക്കുഴി, പാപ്പനം, അമ്പൂരി എന്നീ മിഷൻ ദൈവാലയങ്ങളിൽ ശുശ്രൂഷ ചെയ്തു. കാനക്കുഴിയിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന ദൈവാലയം പണി കഴിപ്പിച്ചു. പന്ത, അരുവിക്കുഴി എന്നീ ദൈവാലയങ്ങൾ പൂർത്തീകരിച്ച് കൂദാശ ചെയ്യു വാൻ സാധിച്ചു.

**മലയോര പ്രദേശത്തെ നല്ല ഇടയൻ**

ഉറുകുന്ന്, ഇടമൺ, ആനപെട്ടകൊങ്കൽ, തെന്മല, ആര്യങ്കാവ്, റോസ്മല, ചെങ്കോട്ട, ചിറ്റാർ, മണിയാർ, പാമ്പിനി, വയലത്തല, കീക്കൊഴൂർ, തോട്ടമൺ, ഉതിമൂട് എന്നീ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്യുവാൻ സാധിച്ചു. വയലത്തലയിൽ ദൈവാലയം നിർമ്മിക്കുവാൻ സാധിച്ചു. കീക്കൊഴൂരിൽ ശുശ്രൂഷ ചെയ്ത കാലം അവിടെയുള്ള യാക്കോബായ ദൈവാലയവും അവിടെ ഉണ്ടായിരുന്ന ഭവനങ്ങളും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുത്താൻ സാധിച്ചു. ഈ പുനരൈക്യം ശുശ്രൂഷ ജീവിതത്തിൽ ദൈവാനുഗ്രഹത്തിന്റെ വലിയ അനുഭവമായിരുന്നു.

മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ കാതോലിക്കാ ബാവയായിരുന്ന മോറാൻ മോർ സിറിൽ ബസ്സേലിയോസ് കാതോലിക്കാ ബാവാ വന്ദ്യ സെബാസ്റ്റ്യൻ ആമ്പശേരിൽ അച്ചനെ തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ വൈസ് റെക്ടറായും ആദ്ധ്യാത്മിക ഗുരുവായും നിയമിച്ചു. പൂന എൻ.വി.എസ്.സി.യിൽ നിന്നും സൈക്കോസ്പിരിച്ച്വാലിറ്റിയിൽ ഡിഗ്രി പഠനം നടത്തി. ചന്ദനപ്പള്ളി സെന്റ് ജോർജ് തീർത്ഥാടന ദൈവാലയത്തിലും അങ്ങാടിക്കൽ ദൈവാലയത്തിലും ശുശ്രൂഷ ചെയ്തിട്ടുണ്ട്.

പത്തനംതിട്ട രൂപത നിലവിൽ വന്നപ്പോൾ രൂപതയുടെ സെന്റ് തോമസ് മൈനർ സെമിനാരിയുടെ പ്രഥമ റെക്ടറായി അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് അച്ചനെ നിയമിച്ചു. തുടർന്ന് തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിൽ ആദ്ധ്യാത്മിക ഗുരുവായി മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ അച്ചനെ നിയമിച്ചു. 6 വർഷക്കാലം മേജർ സെമിനാരിയിൽ ശുശ്രൂഷ ചെയ്തു. തായ്‌ലന്റ്, ബാങ്കോങ്ങിൽ വച്ച് നടന്ന ഏഷ്യൻ ഫോർമേഷൻ കോൺഫറൻസിൽ പങ്കെടുക്കുവാൻ സാധിച്ചു.

വൈദികർക്കേറ്റം അവശ്യമായ മിതഭാഷിത്വം, സൗമ്യത, ശാന്തശീലം എന്നിവ അച്ചനിൽ സമഞ്ജസമായി സമ്മേളിക്കുന്നു. അതേസമയം ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങളിൽ തെല്ലുവീഴ്ച വരുത്താൻ അദ്ദേഹം തയ്യാറാകുകയുമില്ല.

പത്തനംതിട്ട രൂപത മൈനർ സെമിനാരി റെക്ടറായും തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയുടെ വൈസ് റെക്ടറായും മലങ്കര മേജർ സെമിനാരിയുടെ ആദ്ധ്യാത്മിക പിതാവായും സഭയിലെ ഭാവിവൈദികരെ പരിശീലിപ്പിക്കാനുള്ള ഭാരിച്ച ഉത്തരവാദിത്വത്തിൽ പങ്കാളിയായി. സ്വന്തമായി കെട്ടിടമോ മറ്റ് സംവിധാനങ്ങളോ ഒന്നും ഇല്ലാതിരുന്ന പത്തനംതിട്ട മൈനർ സെമിനാരിയിൽ പരാതിയും പരിഭവങ്ങളും ഇല്ലാതെ നിശബ്ദനായി എല്ലാത്തിനും തുടക്കം കുറിക്കുവാൻ അച്ചന് സാധിച്ചു. അച്ചന്റെ ജീവിതവിശുദ്ധിയും സ്വഭാവവൈശിഷ്ട്യവും മനസ്സിലാക്കിത്തന്നെയാണ് ക്ലേശകരമായ ഈ ചുമതലകൾ അഭിവന്ദ്യ പിതാക്കന്മാർ ഭരമേൽപ്പിച്ചത്.

പന്തളം വൈദീക ജില്ലാ വികാരിയായി സേവനം അനുഷ്ഠിച്ചു. മെഴുവേലി ഈസ്റ്റ്, കുളനട, കുരമ്പാല എന്നീ ദൈവാലയങ്ങളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. ഉള്ളന്നൂർ ഇടവകയുടെ പുതിയ പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വികാരിയായി നേതൃത്വം നൽകിവരവെ അച്ചൻ ഹൃദ്രോഗത്താൽ ക്ലേശിതനായി. എന്നാൽ ദൈവത്തിൽ അടിയുറച്ച് ആശ്രയിച്ച് രോഗപീഡകളെ അതിജീവിക്കുവാനും അതിമനോഹരമായി പള്ളി കൂദാശ ചെയ്യുവാനും സാധിച്ചു.

ഇപ്പോൾ പത്തനംതിട്ട രൂപതയുടെ ചാൻസലറായി ശുശ്രൂഷ ചെയ്തു വരുന്ന വന്ദ്യ സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ അച്ചൻ 46 ദൈവാലയങ്ങളിൽ പൗരോഹിത്യ ശുശ്രൂഷ നാളിതുവരെ ചെയ്തിട്ടുണ്ട്.

കോറെപ്പിസ്കോപ്പ സ്ഥാനം അച്ചന്റെ സഭാ ശുശ്രൂഷയ്ക്ക് ലഭിച്ച അംഗീകാരമായി മനസ്സിലാക്കുന്നു. കുടുംബാംഗം എന്ന നിലയിൽ അച്ചന്റെ ഈ സ്ഥാനലബ്ദി പൗരോഹിത്യത്തിൽ പുതിയമാനങ്ങളിലേക്ക് കടക്കാൻ ശക്തി നൽകട്ടെയെന്ന് ആശംസിക്കുന്നു.



**ഡോ. സജു സി. ജോസഫ്**
(തിരുവനന്തപുരം മേജർ അതിരൂപതാ - പട്ടം ഇടവകാംഗം,
കെമിസ്ട്രി വിഭാഗം മേധാവി,
മാർ ഈവാനിയോസ് കോളേജ്, തിരുവനന്തപുരം
ആമ്പശ്ശേരിൽ അച്ചന്റെ സഹോദരി പുത്രൻ)

www.malankaralibrary.com

# പത്തനംതിട്ട രൂപതയുടെ പുതിയ കോറെപ്പിസ്കോപ്പാമാരും റമ്പാനും

"ജീവിക്കുന്നതും ദൈവത്തെ പ്രീതിപ്പെടുത്തേണ്ടതും എങ്ങനെയെന്നു നിങ്ങൾ ഞങ്ങളിൽ നിന്നു പഠിച്ചു" (1 തെസ 4:1).

## റൈറ്റ് റവ. അഗസ്റ്റിൻ പുലിമുറ്റത്ത് കോറെപ്പിസ്കോപ്പാ

ദൈവവിശ്വാസവും അദ്ധ്വാനവും കൈമുതലായ പുരാതന പാരമ്പര്യമുള്ള പുലിമുറ്റത്ത് ഭവനത്തിൽ അഗസ്റ്റിൻ-കത്രീന ദമ്പതികളുടെ രണ്ടാമത്തെ പുത്രനായി 1949-ൽ ജനിച്ച് അഗസ്റ്റിൻ എന്ന് മാമ്മോദിസാ പേര് ലഭിച്ച ബാലൻ തിരുവനന്തപുരം അതിരൂപതയിൽ 1976ൽ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. മിഷൻ മേഖലകളിലും, കിഴക്കൻ മലനാട്ടിലും ഇടനാട്ടിലും സേവനമനുഷ്ഠിച്ചു. 1980 കാലയളവിൽ പാസ്റ്ററൽ തിയോളജിയിൽ ഉന്നത പഠനം പൂർത്തിയാക്കിയ ചുരുക്കം ചില വൈദികരെ മലങ്കര കത്തോലിക്കാ സഭയിൽ ഉണ്ടായിരുന്നുള്ളൂ. സഭാധികാരികൾ തന്നെ ഏല്പിച്ച എല്ലാ ശുശ്രൂഷകളും പള്ളിഭരണം, വിദ്യാഭ്യാസ മേഖലയിലെ സേവനം എല്ലാം നിസ്തുലമായിരുന്നു. നിശബ്ദമായും നിർമ്മലമായും അനുഷ്ഠിച്ച തന്റെ പ്രവർത്തനങ്ങളുടെ പരിണിത ഫലമാണ് സഭ അദ്ദേഹത്തെ കോറെപ്പിസ്കോപ്പാ സ്ഥാനം നൽകി ആദരിക്കുന്നത്.

## റൈറ്റ് റവ. ജോസഫ് കുരുമ്പിലേത്ത് കോറെപ്പിസ്കോപ്പാ

പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് വളരെയേറെ പ്രവർത്തിച്ച സ്ഥലമാണ് പന്തളത്തിനടുത്തുള്ള കാരയ്ക്കാട്. ധാരാളം എതിർപ്പുകൾ ഉണ്ടായിരുന്നിട്ടും വളരെ ശക്തമായ പുനരൈക്യം നടന്ന സ്ഥലമാണിത്. ആ പ്രദേശത്ത് പ്രസിദ്ധമായ കുരുമ്പിലേത്ത് കുടുംബത്തിലെ യോഹന്നാൻ-തങ്കമ്മ ദമ്പതികളുടെ ഏഴുമക്കളിലൊരാളായി ജനിച്ച ജോസഫ് ചെറുപ്രായം മുതലേ ദൈവിക കാര്യങ്ങളിൽ തത്പരനായിരുന്നു. ഭോപ്പാലിലെ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനത്തിൽ നല്ല മികവോടെ വിജയിച്ചു എന്ന് മാത്രമല്ല, ഹിന്ദി ഭാഷ അനായാസം കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് കഴിയും. പട്ടം ലഭിച്ച ആദ്യനാളിൽ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ സെക്രട്ടറിയായി സേവനം ആരംഭിച്ച ജോസഫച്ചൻ, തന്റെ ചുമതലകൾ എല്ലാം ഭംഗിയായി നിറവേറ്റി, തെക്കൻ മിഷനുകളിൽ പ്രവർത്തിക്കുമ്പോൾ, ബാഹ്യ കേരള പ്രവർത്തനങ്ങൾ നടത്തുന്നതിന്, അഭിവന്ദ്യ പിതാവ്, ഭോപ്പാൽ പ്രദേശത്തേക്ക് നിയോഗിച്ചു. പള്ളി മാത്രമല്ല, പള്ളിക്കൂടവും സ്ഥാപിച്ച് അവിടെ വിദ്യാഭ്യാസ മേഖലയിൽ തനതായ വ്യക്തി മുദ്ര പതിപ്പിച്ചു. ജില്ലാ വികാരിയായും സ്കൂളുകളുടെ ചുമതലക്കാരനായും പത്തനംതിട്ട രൂപതയുടെ വികാരി ജനറാൾ എന്നീ നിലകളിലും ശോഭിച്ചു. വിശുദ്ധ നാട് സന്ദർശനം ഒരു ശുശ്രൂഷയായി കണ്ട്, ആയിരക്കണക്കിന് വ്യക്തികളെ അതിന് പ്രേരിപ്പിക്കുന്നു. ഇന്നും ആ ശുശ്രൂഷ മുടക്കമില്ലാതെ തുടരുന്നു.

## റൈറ്റ് റവ. ജോൺ തുണ്ടിയത്ത് കോറെപ്പിസ്കോപ്പാ

ഉയർന്ന ചിന്ത, എളിയ ജീവിതം ഇവ സ്വായത്തമാക്കിയ വ്യക്തിത്വമാണ് ജോൺ തുണ്ടിയത്ത് അച്ചൻ. 1985-ൽ പൗരോഹിത്യം ലഭിച്ച നാളു മുതൽ വ്യത്യസ്തമായ പന്ഥാവിലൂടെ നടന്ന് സഭയുടെ എല്ലാവിധ ശുശ്രൂഷകളേയും ബലപ്പെടുത്തി. പാവങ്ങളോട് പക്ഷം ചേരാനും അവരെ കൈപിടിച്ച് ഉയർത്താനും പരിശ്രമിക്കുന്നു. അനേകരുടെ ഭവനം എന്ന സ്വപ്നം പൂർത്തിയാക്കാൻ മോനിയച്ചന് കഴിയുന്നു. സഭാപിതാക്കന്മാരോട് ചേർന്ന് പ്രവർത്തിക്കുകയും യുവജന സഭയെ ശരിയായ ദിശയിൽ വഴി നടത്തി മാർഗദർശനം നല്കാനും കഴിഞ്ഞിട്ടുണ്ട്. എന്നും യുവജനങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്നതാണ് മോനിയച്ചന്റെ ശൈലി. തോട്ട ഭരണം മുതൽ എഞ്ചിനീയറിംഗ് കോളേജ് ഭരണം വരെ വളരെ അനായാസം നിർവഹിച്ചു. പഠനത്തിൽ സമർത്ഥവും കാര്യക്ഷമമായ ഇടവക ശുശ്രൂഷയും നിർവഹിച്ചു. സഭയുടെ ആത്മീയ ശുശ്രൂഷകളിലും ഭൗതിക രംഗത്തും തന്റെ നൈപുണ്യം പ്രകടമാക്കി. പത്തനംതിട്ട രൂപതയുടെ മുഖ്യ വികാരി ജനറാളായി ശുശ്രൂഷ ചെയ്യവേ കുവൈറ്റിലെ മാത്രമല്ല ഗൾഫ് നാടുകളിലെ മലങ്കര മക്കളുടെ പ്രത്യേക നേതൃത്വവും പിതാക്കന്മാർ അദ്ദേഹത്തെ ഭരമേല്പിച്ചു.

## റൈറ്റ് റവ. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ കോറെപ്പിസ്കോപ്പാ

പുരാതനമായ ആമ്പശ്ശേരിൽ കുടുംബത്തിൽ പൗരോഹിത്യത്തിന്റെ പിന്തുടർച്ചക്കാരനായി സെബാസ്റ്റ്യനച്ചൻ, കോറെപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെടുമ്പോൾ മിതഭാഷി, സൗമ്യൻ, ശാന്തശീലൻ തുടങ്ങിയ സത്കീർത്തി നേടി എന്നത് കൂട്ടുകാരുടെ മാത്രമല്ല, നാനാജാതി മതസ്ഥരുടെയും അഭിപ്രായമാണ്. മൈലപ്രായിലെ കൊച്ചച്ചൻ ഉള്ളന്നൂരിലെ വലിയ അച്ചനായി മാറിയതിലെ രഹസ്യം തന്റെ പ്രവർത്തന ശൈലിയാണ് കാണിക്കുന്നത്. പുതിയ രൂപത രൂപം കൊണ്ടപ്പോൾ മാർ ക്രിസോസ്റ്റം പിതാവ് മൈനർ സെമിനാരി റെക്ടറായി സെബാസ്റ്റ്യൻ അച്ചനെ നിയോഗിച്ചത് ചരിത്ര നിയോഗമാണ്. രൂപവും ഭാവവും ഒന്നും ഇല്ലാതിരുന്ന സെമിനാരി പരിശീലനത്തിന് ശക്തമായ അടിത്തറ നൽകിയത് അച്ചന്റെ ജീവിത ശൈലിയാണ്. മലങ്കര മേജർ സെമിനാരിയിലെ ആത്മീയ പിതാവ് എന്ന ദൗത്യം അഞ്ച് വർഷം ഭംഗിയായി നിർവഹിച്ചു. തന്റെ ശുശ്രൂഷ ഇടവകയിലേക്ക് മാറുമ്പോൾ രൂപതയുടെ ചാൻസിലറായി അഭിവന്ദ്യ ഐറേനിയോസ് പിതാവ് അദ്ദേഹത്തെ നിയമിച്ചു. എല്ലാ വിധത്തിലും താൻ അർഹിച്ചതെ ലഭിച്ചിട്ടുള്ളൂ എന്ന് പ്രത്യേകം ഓർക്കുന്നു.

## ചാമക്കാലായിൽ ജോസഫ് റമ്പാൻ

ജോസഫ് തോമസ് എന്ന ചെറുബാലൻ ആശ്രമ അധിപനായി മാറുന്നത് അത്ഭുതമോ അതിശയമോ അല്ല മറിച്ച് ദൈവിക പദ്ധതിയുടെ ഭാഗമാണ്. ഇനിയും ഒരു ജീവിതം ദൈവം തന്നാൽ ഏതാണു തിരഞ്ഞെടുക്കുക എന്ന് റമ്പാച്ചനോട് ചോദിച്ചാൽ അത് വൈദികൻ എന്ന് നിസംശയം പറയുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ്.

കൊല്ലം ജില്ലയിൽ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ച ജോസഫ് കോർ എപ്പിസ്കോപ്പാ തന്റെ പൗരോഹിത്യത്തെ എന്നും മാനിച്ചു. അതുകൊണ്ട് തന്നെ ചെറുപ്പത്തിൽ യുവജന ഡയറക്ടറായും തിരുവനന്തപുരം അതിരൂപതാ സാമ്പത്തിക കാര്യാലയത്തിന്റെ ചുമതലക്കാരനായും നിയമിതനായി. മദ്രാസിലെ ഇടവക, സ്കൂൾ, കോളേജ് തുടങ്ങിയ പ്രസ്ഥാനങ്ങളുടെ ചുമതലക്കാരനായി തുടരുമ്പോൾ അദ്ദേഹത്തെ, തിരുവനന്തപുരം മൈനർ സെമിനാരി റെക്ടറായി നിയമിച്ചു. തുടർന്ന് പത്തനംതിട്ട രൂപത രൂപീകൃതമായ അവസരത്തിൽ ആദ്യത്തെ വികാരി ജനറാളായി അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിനോട് ചേർന്ന് പ്രവർത്തിച്ചു. ശിശുവായ രൂപതയ്ക്ക് ഉറച്ച അടിസ്ഥാനമിടാൻ സഹായിച്ചത് റമ്പാച്ചന്റെ ശക്തമായ സഹായമാണ്. ഏഴ് വർഷത്തെ സേവനം പൂർത്തി

www.malankaralibrary.com

യാക്കി റമ്പാച്ചൻ സെന്റ് തോമസ് മൈനർ സെമിനാരിയുടെ ചുമതലയേറ്റെടുത്തു.

പ്രശസ്തനായ വാഗ്മി, നല്ല ഭരണകർത്താവ്, ആത്മീയ പിതാവ് എന്നി നിലകളിൽ ഇടവകകളിൽ മാത്രമല്ല സമൂഹത്തിൽ എല്ലായിടത്തും അദ്ദേഹം ശോഭിക്കുന്നു. വൈദിക സമൂഹത്തിന് എന്നും പ്രചോദനവും സഹായവുമാണ് ജോസഫ് റമ്പാച്ചൻ. സംതൃപ്തമായ പൗരോഹിത്യത്തിന്റെ പരിണിത ഫലമായി കോർ എപ്പിസ്കോപ്പാ സ്ഥാനവും ഇപ്പോൾ ആശ്രമ ആദ്ധ്യാത്മികതയുടെ നിറകുടമായി റമ്പാൻ സ്ഥാനവും സഭ നൽകി ബഹുമാനിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭ നിങ്ങളെ ഭരമേൽപ്പിച്ച ഉത്തരവാദിത്വങ്ങളെല്ലാം നിങ്ങൾ ശുശ്രൂഷ ചെയ്ത വ്യത്യസ്തങ്ങളായ കർമ്മഭൂമികയിൽ വിശ്വസ്തതയോടെ നിർവ്വഹിച്ചതിന് സഭ നിങ്ങൾക്ക് നൽകുന്ന അംഗീകാരമാണ് കോറെപ്പിസ്കോപ്പ, റമ്പാൻ സ്ഥാനങ്ങൾ. പുതിയ സ്ഥാന ലബ്ദിയിൽ പത്തനംതിട്ട ഭദ്രാസനത്തിലെ നൂറ് ദൈവാലയങ്ങളിലേയും വിശ്വാസ സമൂഹത്തിന്റേയും സന്യസ്തരുടേയും വൈദിക കൂട്ടായ്മയുടെയും അനുമോദനങ്ങളും ഭാവുകങ്ങളും സ്നേഹപൂർവ്വം നേരുന്നു.



**റവ. ഫാ. ജോൺസൺ പാറയ്ക്കൽ**
(വികാരി, സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളി, കുമ്പഴ))

# മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ കോറെപ്പിസ്കോപ്പ, റമ്പാൻ സ്ഥാനങ്ങൾ

കോറെപ്പിസ്കോപ്പോസ് (χωρεπίσκοπος) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് കോർ - എപ്പിസ്കോപ്പ എന്ന പദത്തിന്റെ ഉത്ഭവം. സഭാചരിത്രത്തിന്റെ പിതാവ് (Father of Church History) എന്ന് വിശേഷിപ്പിക്കപ്പെടുന്ന എവുസേബിയൂസിന്റെ (Eusebius of Caesarea) കൃതികളിലാണ് കോറെപ്പിസ്കോപ്പമാരെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്നത്.

യാത്രാസൗകര്യം വളരെ കുറവായിരുന്ന ഒരു കാലത്ത് മെത്രാനെ (Episcopa) ശുശ്രൂഷകളിൽ പ്രാദേശികമായി സഹായിക്കുക, ആരാധനക്രമം പരികർമ്മം ചെയ്യുക, പ്രാർത്ഥനാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുക എന്നതായിരുന്നു കോറെപ്പിസ്കോപ്പയുടെ ചുമതല. എന്നാൽ വൈദിക പട്ടാഭിഷേകം നൽകുന്നതിന് അവർക്ക് അനുവാദമുണ്ടായിരുന്നില്ല.

ലത്തീൻ സഭയിൽ കോറെപ്പിസ്കോപ്പ സ്ഥാനമുണ്ടായിരുന്നുവെങ്കിലും കാലക്രമത്തിൽ അത് അന്യം നിന്നു പോയി. പൗരസ്ത്യ സഭകളിൽ ഇന്നും കോറെപ്പിസ്കോപ്പ സ്ഥാനം നൽകപ്പെടുന്നുവെങ്കിലും നൈയാമികമായ അധികാരമോ ചുമതലയോ അതിലൂടെ കരഗതമാകുന്നില്ല; പ്രത്യുത വൈദിക ശുശ്രൂഷകളിലെ നിസ്തുലമായ സേവനങ്ങൾക്ക് ബഹുമതിയായി നൽകപ്പെടുന്നു.

പൗരസ്ത്യ സഭകളിൽ സന്യാസ ജീവിതം തിരഞ്ഞെടുക്കുന്നവർക്ക് നൽകിയിരുന്ന റമ്പാൻ പട്ടം ഔദ്യോഗികമായ സ്ഥാനം എന്നതിലുപരിയായി വ്യതിരിക്തമായ ഒരു ജീവിത ശൈലിയുടെ ഉദാത്ത മാതൃകയായി സ്വയം സമർപ്പിക്കുന്നവർക്ക് നൽകിയിരുന്ന സവിശേഷമായ അംഗീകാരമായിരുന്നു. റമ്പാന്റെ കറുത്ത ശിരോവസ്ത്രം ലോകത്തിൽ നിന്നും അവർ അകന്ന് നിൽക്കുന്നവരാണ് എന്നതിനെ ദ്യോതിപ്പിക്കുന്നു. സഭയുടെ ആരാധനക്രമ ശുശ്രൂഷകൾക്കും പ്രാർത്ഥനകൾക്കും നേതൃത്വം നൽകാൻ റമ്പാന് ഉത്തരവാദിത്തമുണ്ട്.

ആദ്യ കാലങ്ങളിൽ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടിരുന്നത് സന്യാസിമാർ (റമ്പാൻ) മാത്രമായിരുന്നു, ക്രമേണ സന്യാസിമാരല്ലാത്തവരേയും മേൽപട്ട ശുശ്രൂഷക്കായി ഉയർത്തപ്പെട്ടപ്പോൾ ആദ്യം റമ്പാൻ സ്ഥാനം നൽകുന്ന ക്രമം രൂപപ്പെട്ടു.


മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ വൈദിക ശുശ്രൂഷകൾക്കുള്ള സ്തുത്യർഹമായ സേവനങ്ങൾക്ക് അംഗീകാരമെന്നവണ്ണം ഇന്ന് റമ്പാൻ സ്ഥാനം നൽകപ്പെടുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വ്യക്തിഗത നിയമാവലി (CPCSMCC) 302-305 കാനോനകൾ കോറെപ്പിസ്കോപ്പ, റമ്പാൻ സ്ഥാനത്തെക്കുറിച്ചും അവരുടെ തെരഞ്ഞെടുപ്പിനെക്കുറിച്ചും ഔദ്യോഗിക വേഷവിധാനത്തെക്കുറിച്ചും പ്രതിപാദിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ കാതോലിക്കാബാവ ഭദ്രാസന മെത്രാപ്പോലീത്തയുടെ ശുപാർശയിൻമേൽ പരിശുദ്ധ എപ്പിസ്കോപ്പൽ സുനഹദോസിൽ കൂടിയാലോചിച്ച് കോറെപ്പിസ്കോപ്പ , റമ്പാൻ സ്ഥാനങ്ങൾ നൽകുന്നു. സഭാപരമായ കാര്യങ്ങളിൽ പദവി പ്രകാരമുള്ള അവകാശത്തിൽ കോറെപ്പിസ്കോപ്പ, മുൻഗണനാ ക്രമത്തിൽ ആദ്യമെങ്കിലും ആരാധനക്രമ സംബന്ധിയായ ശുശ്രൂഷകൾക്കും പ്രാർത്ഥനകൾക്കും മുൻഗണന റമ്പാനാണ്.



**ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ (സിബി അച്ചൻ)**

www.malankaralibrary.com




ക്രിസ്തുവിനെ
പ്രഘോഷിക്കുവാനും
പിന്തുടരുവാനും മിഷൻ
പ്രവർത്തനങ്ങളിലൂടെ
സുവിശേഷത്തിനു സാക്ഷികളാകാൻ
മാർ ഇവാനിയോസ് പിതാവിന്റെ
ദർശനങ്ങളിൽ രൂപം കൊണ്ട
ബഥാനിയൻ സന്യസ
പൗരോഹിത്യത്തിലേക്കു
സ്വാഗതം

**Apostolic Activities:**

- Parish Ministry
- Education Ministry
- Children and Women Empowerment
- Village Mission
- Ministry Among Migrants and Street Children
- Retreat Preaching and Counseling

ORDER OF THE IMITATION OF CHRIST · THOU BE THE LIGHT OF THE WORLD

## ORDER OF THE IMITATION OF CHRIST
## BETHANY NAVAJEEVAN PROVINCE

Mission Stations and Ashrams of Bethany Navajeevan Province Outside Kerala

- Bhilai - Chhattisgarh
- Falta - West Bengal
- Khanna - Punjab
- Mullanpur - Punjab
- Umerkote - Odisha
- Raishyabari - Tripura
- Thakurpukur - West Bengal
- Ghaziabad - Uttar Pradesh
- Cherlapally - Telangana
- Vencode - Tamil Nadu

Bethany Hills, Nalanchira P.O. Thiruvananthapuram
Pin. 695 015, Kerala, India

*For more details contact*

Fr. Thomas Prasanth Kannimel OIC +91 79026 21696
Fr. Jithu John OIC +91 85904 73014

പ്രാർത്ഥനാശംസകളോടെ

**BETHANY NAVAJEEVAN PROVINCE**

www.navajeevanprovince.org

www.malankaralibrary.com

*Best Compliments from*



# DAUGHTERS OF MARY

**VENNIYOOR, NELLIVILA POST**
**VENGANOOR, TRIVANDRUM**

*Best Compliments from*



# BETHANY SISTERS PROVINCIALATE

**NALANCHIRA P.O., TRIVANDRUM - 695 015**

www.malankaralibrary.com






www.malankaralibrary.com



www.malankaralibrary.com

*Best Compliments from*



# D.M GENERALATE

## KUDAPPANAKUNNU P.O, TRIVANDRUM

*Best Compliments from*



# ST. JOHN'S MALANKARA MEDICAL VILLAGE

## PIRAPPANCODE, VENJARAMOODU, THIRUVANANTHAPURAM.

# ST. JOHN'S COMMUNITY HOSPITAL

## KARAMOODU,

## MAJOR ARCHDIOCESE OF TRIVANDRUM

Best Compliments from

www.malankaralibrary.com



TEAM FORCE
Infrastructure Private Limited.

VILLAS, APARTMENT,
COMMERCIAL BUILDING
STEEL STRUCTURE

നിർമ്മാണം എന്തുമാകട്ടെ....!
ലക്ഷ്യം ഒന്ന് തന്നെ
ഗുണമേന്മ നിലനിർത്തി ചിലവ്
എങ്ങനെ കുറയ്ക്കാം...?

9446114712, 9496848612
WWW.TEAMFORCEINFRASTRUCTURE.COM

COMMITTED TO INNOVATIVE IDEAS | QUALITY CONSTRUCTION | MODERN PRODUCTS, TIMELY COMPLETION

PLAN & LAYOUTS | CONCEPT DESIGNS AND 3D ANIMATIONS | ARCHITECTURAL DRAWINGS | STRUCTURAL DRAWINGS | BUILDING PERMITS AND SUBMISSIONS
INTERIOR DESIGNING | EXTERIOR DESIGNING WORKS | LAND SCAPING & PAVING | STEEL STRUCTURES (DESIGN AND INSTALLATIONS) | PROJECT MANAGEMENT

ONGRID & OFF GRID SOLAR POWER PLANTS INSTALLATION,SOLAR BATTERIES & INVERTERS,
SOLAR LIGHTS, SOLAR BRICK LIGHTS AND OTHER SOLAR PRODUCTS

Best Compliments from



Karunya fuels

MANKUZHY - THATTAYIL

www.malankaralibrary.com



## കോറെപ്പിസ്കോപ്പ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട അഗസ്റ്റിൻ പുലിമുറ്റത്ത് അച്ചന് മാതൃ ഇടവകയുടെ



# ആശംസകൾ

**സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം**

**സീതത്തോട്**

---

*Best Compliments from*



# BETHANY ASHRAM GENERALATE

**KALATHIPADY, VADAVATHOOR P.O., KOTTAYAM - 686010**

www.malankaralibrary.com



## കോറെപ്പിസ്കോപ്പ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ഞങ്ങളുടെ പ്രിയ വികാരി അഗസ്റ്റിൻ പുലിമുറ്റത്ത് അച്ചന്

# ആശംസകൾ

**സെന്റ് ആന്റണീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം**

**തട്ട, പത്തനംതിട്ട ഭദ്രാസനം**


വിലക്കുറവിന്റെ അത്ഭുതം നേരിട്ടറിയാം...!!



A REAL Wholesale & Retail MART

E-mail : evaelectricalspta@gmail.com

EVA ENTERPRISES & ELECTRICALS PATHANAMTHITTA

OPP. KSRTC, PKR CENTRE, PATHANAMTHITTA, PH : 0468 2220343, 9656499551

Supreme bathx DEWTON legrand LUKER Kelachandra CERA Crompton PHILIPS AQUA TECH LARSEN & TOUBRO hindware RR KABEL WIRES & CABLES BALCO elleys


www.malankaralibrary.com



കോറെപ്പിസ്കോപ്പ
സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട
ഞങ്ങളുടെ പ്രിയ വികാരി
സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ അച്ചന്

# ആശംസകൾ

സെന്റ് മേരീസ് മലങ്കര സുറിയാനി
കത്തോലിക്കാ ദൈവാലയം
ഉള്ളന്നൂർ, പത്തനംതിട്ട ഭദ്രാസനം



കോറെപ്പിസ്കോപ്പ
സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട്
ഞങ്ങളുടെ ഇടവകയിലേക്ക്
വികാരിയായി വരുന്ന
ജോസഫ് കുരുമ്പിലേത്ത് അച്ചന്

# ആശംസകൾ

സെന്റ് ജോർജ്ജ് മലങ്കര സുറിയാനി
കത്തോലിക്കാ ദൈവാലയം
അതിരുങ്കൽ, പത്തനംതിട്ട ഭദ്രാസനം

www.malankaralibrary.com


# ADMISSIONS 2023

# MAR BASELIOS
## COLLEGE OF ENGINEERING AND TECHNOLOGY
(Autonomous College affiliated to APJ Abdul Kalam Technological University)

### NBA Accredited Programmes

| | |
|---|---|
| B.Tech Civil Engineering | 120 seats |
| B.Tech Computer Science and Engineering | 120 seats |
| B.Tech Electronics and Communication Engineering | 120seats |
| B.Tech Electrical and Electronics Engineering | 60 seats |
| B.Tech Mechanical Engineering | 60 seats |

### M.Tech Programmes

| | |
|---|---|
| M.Tech Computer Science and Engineering | 18 seats |
| M.Tech IoT and Sensor Systems | 18 seats |
| B.Tech Machine Design | 18 seats |
| M.Tech Power Control and Drives | 18 seats |
| M.Tech Structural Engineering | 18 seats |
| M.Tech Telecommunication Engineering | 18 seats |
| M.Tech Transportation Engineering | 18 seats |

### New B.Tech Programmes started in 2022

| | |
|---|---|
| B.Tech Computer Science and Engineering(Artificial Intelligence) | 60 seats |
| B.Tech Electrical and Electronics Engineering | 60 seats |

**Contact Numbers for Admissions**

**General Enquiry**
0471-2545868 (Working days)/
9446572809 (M)

**NRI Admission**
94472 11341(M)

Established in 2002
First Accreditation by NBA in 2016
NAAC Accreditation with A Grade: 2016
Autonomous: 2020

NBA NATIONAL BOARD OF ACCREDITATION

G20 भारत 2023 INDIA

A NAAC

**MAR BASELIOS COLLEGE OF ENGINEERING AND TECHNOLOGY**
Mar Ivanios Vidyanagar, Nalanchira, Thiruvananthapuram-695015, Kerala

(Managed by Malankara Catholic Educational Society of the Archdiocese of Trivandrum)





# നവാഭിഷിക്തരായ കോറെപ്പിസ്കോപ്പാമാർക്കും റമ്പാച്ചനും

## പ്രാർത്ഥനാശംസകൾ....



**ഫാ. ജോൺസൺ പാറയ്ക്കൽ**

www.malankaralibrary.com



## കോറെപ്പിസ്കോപ്പ
## സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട
## സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ അച്ചന്
## മാതൃ ഇടവകയുടെ



# ആശംസകൾ

**സെന്റ് തോമസ് മലങ്കര സുറിയാനി**
**കത്തോലിക്കാ ദൈവാലയം**
പുത്തൻപീടിക, പത്തനംതിട്ട ഭദ്രാസനം

---

## നവാഭിഷിക്തരായ
## കോറെപ്പിസ്കോപ്പാമാർക്കും റമ്പാച്ചനും

# പ്രാർത്ഥനാശംസകൾ....




## എം.എസ്.എസ്.സി. മാനേജ്മെന്റ്
പത്തനംതിട്ട ഭദ്രാസനം

www.malankaralibrary.com










www.malankaralibrary.com



കോറെപ്പിസ്കോപ്പ
സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട
ജോൺ തുണ്ടിയത്ത് അച്ചന്
മാതൃ ഇടവകയുടെ

# ആശംസകൾ


**സെന്റ് ജോർജ്ജ് മലങ്കര സുറിയാനി**
**കത്തോലിക്കാ ദൈവാലയം**

പൊന്നമ്പ്, പത്തനംതിട്ട ഭദ്രാസനം

---

*Best Compliments from*

## Hearty Congratulations & Prayerful Wishes....



**ALL SAINTS PUBLIC SCHOOL AND JUNIOR COLLEGE, ADOOR**

---


## Hearty Congratulations & Prayerful Wishes....



**FR. ABRAHAM THOMAS VAVOLIMEPPURATH**

www.malankaralibrary.com





ഞങ്ങളുടെ സ്നേഹനിധിയായ
റൈറ്റ് റവ.ജോൺ തുണ്ടിയത്ത് കോറെപ്പിസ്കോപ്പായ്ക്ക്

# സ്നേഹമംഗളങ്ങൾ

**അൾത്താര ശുശ്രൂഷകർ – കുവൈറ്റ്**

---

# Congratulations

## RT.REV. JOHN THUNDIYATH COR EPISCOPO

We Are So Proud of You!

Wish You All The Best



FOM 2023


**Friends Of Mary, Kuwait**



www.malankaralibrary.com

*Best Compliments from*



# HOLY ANGELS ENGLISH MEDIUM HIGHER SECONDARY SCHOOL

## ADOOR

www.malankaralibrary.com

# മലങ്കര സുറായിനി കത്തോലിക്കാ സഭ

## പത്തനംതിട്ട ഭദ്രാസനം



ഞങ്ങളുടെ ഇടവകയിലേക്ക്
വികാരിയായി വരുന്ന
വന്ദ്യ ജോസഫ്
ചാമക്കാലായിൽ റമ്പാച്ചന്

പ്രാർത്ഥനാശംസകൾ....



**സെന്റ് മേരീസ് കുരിശുമല**
**തീർത്ഥാടന ദൈവാലയം**
**മാമ്പാറ, റാന്നി-പെരുന്നാട്**

---

ആശംസകളോടെ.....

**നവാഭിഷിക്തരായ കോറെപ്പിസ്കോപ്പാമാർക്കും റമ്പാച്ചനും**


പ്രാർത്ഥനാശംസകൾ....



**അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി**
**പത്തനംതിട്ട ഭദ്രാസനം**

www.malankaralibrary.com



കോറെപ്പിസ്കോപ്പ
സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട
ഞങ്ങളുടെ പ്രിയ വികാരി
ജോസഫ് കുരുമ്പിലേത്ത് അച്ചന്

# ആശംസകൾ



സെന്റ് ആന്റണീസ് മലങ്കര സുറിയാനി
കത്തോലിക്കാ ദൈവാലയം
വടശ്ശേരിക്കര, പത്തനംതിട്ട ഭദ്രാസനം

---

ആശംസകളോടെ.....

## നവാഭിഷ്കതരായ കോർ എപ്പിസ്കോപ്പാമാർക്കും റമ്പാച്ചനും

പ്രാർത്ഥനാശംസകൾ....



സെന്റ് മേരീസ് മലങ്കര സുറിയാനി
കത്തോലിക്കാ ദൈവാലയം
വകയാർ, പത്തനംതിട്ട ഭദ്രാസനം

www.malankaralibrary.com

*Prayerful wishes*




MCYM BAHRAIN

*Hearty Congratulations*
*&*
*Prateful Wishes*



# വിൻസെൻഷ്യൻ സിസ്റ്റേഴ്സ്

## സെന്റ് എലിസബത്ത് സ്നേഹഭവൻ, പത്തനംതിട്ട

www.malankaralibrary.com

# MALANKARA CATHOLIC YOUTH MOVEMENT, KUWAIT.

COR-EPISCOPO ORDINATION WISHES

കോർ എപ്പിസ്കോപ്പാ
സ്ഥാനത്തേക്ക്
ഉയർത്തപ്പെട്ട, MCYM
KUWAIT DIRECTOR ജോൺ
തുണ്ടിയത്ത് അച്ചന്
പ്രാർത്ഥനാശംസകൾ



MCYM KMRM KUWAIT

# SISTERS OF THE IMITATION OF CHRIST

## BETHANY PROVINCE HOUSE, PATHANAMTHITTA

ദൈവ സ്നേഹത്താൽ പ്രേരിതമായ
പ്രാർത്ഥനയും അദ്ധ്വാനവും
സുവിശേഷ സാക്ഷ്യവും വഴി
ദൈവ സമ്പാദനത്തിനായി യത്നിക്കുന്ന
സന്യാസിനികളുടെ വാസസ്ഥലമാണ് ബഥനിമഠം.


**ബഥനി സന്യാസിനി സമൂഹത്തിൽ ചേർന്ന്
ശുശ്രൂഷ ചെയ്യുവാൻ ആഗ്രഹിക്കുന്ന
സന്മനസുള്ളവരായ
പെൺകുട്ടികൾക്ക് സ്വാഗതം.**



**പത്താംക്ലാസ് പാസായവരും
അതിൽ കൂടുതൽ വിദ്യാഭ്യാസ
യോഗ്യതയുള്ളവരും ബന്ധപ്പെടുക.**

**Vocation Promoter, Bethany Provincial House**
Pathanamthitta 689 645, Tel : 9946460857
Email : bethanyptaprovince@gmail.com

www.malankaralibrary.com




വന്ദ്യ. ജോൺ തുണ്ടിയത്ത് കോറെപ്പിസ്കോപ്പായ്ക്ക്

തുണ്ടിയത്ത് കുടുംബാംഗങ്ങളുടെ

# ആശംസകൾ

www.malankaralibrary.com



www.malankaralibrary.com




ആശംസകളോടെ.....

## നവാഭിഷിക്തരായ കോറെപ്പിസ്കോപ്പാമാർക്കും റമ്പാച്ചനും

# പ്രാർത്ഥനാശംസകൾ...



## സെന്റ് ജോൺസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം

**കടമ്മനിട്ട, പത്തനംതിട്ട ഭദ്രാസനം**

www.malankaralibrary.com

Best Compliments from

**Sam's Catering**

MYLAPRA

Best Compliments from

**RAINY TRAVELS**

ELANTHOOR

Ph : 9447 207 255

Best Compliments from

ST. MARYS SYRO MALANKARA CATHOLIC CHURCH, ATHUPUMKULAM

ST. SEBASTIANS SYRO MALANKARA CATHOLIC CHURCH, AVOLIKUZHY

Best Compliments from

**Fr. Joel Poweth**

Best Compliments from

ST. THOMAS SYRO MALANKARA CATHOLIC CHURCH

V. KOTTYAM

Best Compliments from

ROSE DALE RESIDENTIAL SENIOR SECONDARY SCHOOL

CHANDANAPPALLY

Best Compliments from

JIJO V. JOY

VALIYAVEETTIL

KAIPATTOOR

Best Compliments from

SAJI ALEXANDER

MELETHIL

KUMBAZHA

**MAR CHRYSOSTOM COLLEGE**

AFFILIATED TO THE UNIVERSITY OF KERALA

PARANTHAL - ADOOR

www.marchrysostomcollege.com

FOR ADMISSION

8281 292 154 | 9747 112 587

COURSES OFFERED

MA English | BA English | B.Sc. Psychology

BBA Logistics | BCA | B.Com Taxation

B.Com with Computer Application

Add-On : CMA | SSC | GST | SAP | BANK COACHING



www.malankaralibrary.com

മലങ്കര സുറിയാനി കത്തോലിക്കാ സഭ, പത്തനംതിട്ട ഭദ്രാസനത്തിൽ നിന്ന്
ദൈവകൃപയാൽ 'കോറെപ്പിസ്കോപ്പ' എന്ന മഹനീയ പദവിയിലേക്ക് ഉയർത്തപ്പെട്ട
വന്ദ്യ ജോൺ തുണ്ടിയത്ത് ഞങ്ങളുടെ അഭിമാനമാണ്.
ഈ പദവിയിൽ തന്നിൽ അർപ്പിതമായിരിക്കുന്ന കർത്തവ്യങ്ങൾ വിജയകരമായി നിർവഹിക്കാൻ
അദ്ദേഹത്തിന് ദൈവം ശക്തി പകരട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു....ആശംസിക്കുന്നു.....
ജോൺ തുണ്ടിയത്ത് അച്ചന്റെ കർത്തവ്യനിർവഹണത്തിൽ എല്ലാ നന്മകളും നേർന്നുകൊണ്ട്
പ്രാർത്ഥന നിർഭരമായ അനുമോദനങ്ങളും ആശംസകളും....



സവിനയം

**SHAJI KALLOOR & FAMILY**
**HOUSTON, TEXAS**

www.malankaralibrary.com

# Prayerful wishes...



**ANIL, SHINY, ANISHA, LAVINA**
**FROM NEWYORK**


www.malankaralibrary.com

*Best Compliments from*

MALANKARA
TOURS & TRAVELS

www.malankarafly.com, info@malankarafly.com
8330039933, 0468 2962200, 8281122200

- Air Ticketing- International/ Domestic
- Holiday Packages- Outbound/ Inbound
- Pilgrim Tours/ Holyland Tours
- Visa Services
- Study Abroad
- Medical Tourism
- MICE
- Passport Service
- Travel Insurance
- Car Rental
- Certificate Attestation
- Train/Bus Ticket Booking
- Hotel Booking-International & Domestic




ആശംസകളോടെ....



കുളത്തിൻകരോട്ട്
മെഡിക്കൽസ്
അടൂർ
ഹോൾസെയിൽ & റീടെയിൽ
Ph : 9446812040, 04734- 224869

സ്കിൻ ഡോക്ടറിന്റെ
സേവനം എല്ലാദിവസവും
വൈകിട്ട് 4.00 മണി മുതൽ
5.30 വരെ ഉണ്ടായിരിക്കും





പത്തനംതിട്ട ഭദ്രാസനത്തിന്റെ പുതിയ
വികാരി ജനറാളായി നിയോഗം ഏറ്റെടുത്ത
വന്ദ്യ മോൺ. വർഗീസ് മാത്യു കാലായിൽ വടക്കേതിൽ അച്ചന്
ആശംസകൾ

www.malankaralibrary.com

# Prayerful wishes...

## REGI PUTHIEL SEETHATHODE
## &
## FAMILY
## DALLAS, USA



www.malankaralibrary.com

